സഹ്യനാദം

Vol. 12 No. 5 May 2015

## രൂപതക്കച്ചേരി

### C. 44/15 Presbyterium

The Annual meeting of the Presbyterium of our Eparchy will be held on Tuesday 9th June 2015 at Atmajyothy, Adimali from 10 a.m. to 4 p.m.

### C. 45/15 ആണ്ടുതിരട്ട്

2015 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് ഇനിയും ഏൽപ്പിക്കുവാനുള്ളവർ ജൂൺ 30-ന് മുൻപ് അത് രൂപതാ കച്ചേരിയിൽ ഏല്പ്പിക്കുന്ന കാര്യം ഓർമ്മിപ്പിക്കുന്നു. സ്റ്റേഷൻ പള്ളികളുടെ കണക്കുകളും ഏല്പിക്കേണ്ടതാണ്. അതോടൊപ്പം കച്ചേരിയിൽ സൂക്ഷിക്കുന്നതിനായി മാമ്മോദീസാ, വിവാഹം, മരണം എന്നീ രജിസ്റ്ററുകളുടെ പകർപ്പുകൾ നിശ്ചിത ഫാറത്തിൽ രേഖപ്പെടുത്തി രൂപതാകച്ചേരിയിൽ ഏല്പ്പിക്കുമല്ലോ. ഭദ്രാസന ഫീസിനോടൊപ്പം എല്ലാ ഇടവകകളിൽ നിന്നും ബഹു. വൈദികരുടെ 13-ാം മാസത്തെ അലവൻസും രൂപതാകച്ചേരിയിൽ ഏല്പ്പിക്കേണ്ടതാണ്. 13-ാം മാസ അലവൻസ് ഏല്പ്പിക്കേണ്ട തുക 7000 രൂപയാണ്.

### C.46/15 Monthly Recollection for Priests

മെയ് മാസത്തിലെ പഠന വിഷയം: ഇടുക്കി രൂപതാ നിയമാവലി 650-659 നമ്പറുകൾ ബഹു. വൈദികർ ഒരുമിച്ചു കൂടി വായിക്കുന്നു.



### C. 47/15 രൂപതാ ഡിറക്ടറിയിലേക്കുള്ള വിവരങ്ങൾ

രൂപതാ ഡിറക്ടറിയിൽ ഏതെങ്കിലും തിരുത്തലുകളോ, അഡ്രസ്സു മാറ്റമോ, പുതിയ വിവരങ്ങളോ ചേർക്കാനുണ്ടെങ്കിൽ ബന്ധപ്പെട്ടവർ 2015 മെയ് 31-ാം തീയതിക്കകം വിവരം രൂപതാ ചാൻസലറെ അറിയിക്കേണ്ടതാണ്.

### C. 48/15 മ്ശംശാന, ഹെവ്പ്പദ്യാക്ക്ന, കാറോയ പട്ടങ്ങളുടെ സ്വീകരണം.

മാർച്ച് 28-ാം തീയതി വാഴത്തോപ്പ് കത്തീഡ്രലിൽ വച്ച് താഴെപ്പറയുന്ന സെമിനാരി വിദ്യാർത്ഥികൾ മ്ശംശാന, ഹെവ്പ്പദ്യാക്ക്ന, കാറോയ എന്നീ പട്ടങ്ങൾ സ്വീകരിക്കുകയുണ്ടായി.

#### മ്ശംശാന പട്ടം

| | |
|---|---|
| അഴിമുഖത്ത് ജോസഫ് | - മാങ്കുളം |
| കാഞ്ഞിരംകുന്നേൽ തോമസ് | - ലോവർ കുളമാവ് |
| കൊല്ലപ്പള്ളിൽ കുര്യാക്കോസ് | - പന്നിയാർകുട്ടി |
| മംഗലത്ത് തോമസ് | - വാഴത്തോപ്പ് |
| പൈനാടത്ത് ജോർജ്ജ് | - തോക്കുപാറ |
| പാറക്കടവിൽ ആന്റണി | - ഇരട്ടയാർ |
| പെരുമാലിൽ ജോർജ്ജ് | - മുരിക്കാശ്ശേരി |
| പൊന്നമ്പേൽ ജെയിംസ് | - മാവടി |
| പുതിയാപറമ്പിൽ ജോസഫ് | - കട്ടപ്പന |

#### ഹെവ്പ്പദ്യാക്ക്ന പട്ടം

| | |
|---|---|
| അക്കുറ്റ് ജോസഫ് | - ഇരട്ടയാർ |
| ഈന്തോട്ടത്തിൽ തോമസ് | - കരിമ്പൻ |
| ഏർത്തയിൽ അബ്രാഹം | - തങ്കമണി |
| കൈതോലിൽ ജോർജ്ജ് | - ഇരുമ്പുപാലം |
| കരിന്തകരയ്ക്കൽ ആന്റണി | - മൈലാടുംപാറ |
| കുഴിപ്പിള്ളിൽ ഫ്രാൻസീസ് | - നെടുംകണ്ടം |

കൊച്ചീത്തറ ജോർജ്ജ് - വട്ടപ്പാറ
കൊച്ചോഴത്തിൽ ജോസഫ് - ഉദയഗിരി
കൊളളികൊളവിൽ ജോസഫ് - മൈലാടുംപാറ

### കാറോയ പട്ടം

| | | |
|---|---|---|
| കുറ്റിക്കാട്ട് ജോസഫ് | - | തോപ്രാംകുടി |
| മേനാംതുണ്ടത്തിൽ തോമസ് | - | ശാന്തിഗ്രാം |
| ഇളംപുരയിടത്തിൽ സെബാസ്റ്റ്യൻ | - | എഴുകുംവയൽ |
| മാത്തൂർ സിറിയക് | - | വെള്ളയാംകുടി |
| അയിലൂക്കുന്നേൽ ജോസഫ് | - | കുതിരക്കല്ല് |
| കുത്തനാപ്പിള്ളിൽ അഗസ്റ്റിൻ | - | വാഴത്തോപ്പ് |
| വരകിൽ ജോസഫ് | - | ചുരുളി |
| മനക്കലേട്ട് സെബാസ്റ്റ്യൻ | - | കോഴിമല |
| കോലത്തുപടവിൽ ജോർജ് | - | ഇരുമ്പുപാലം |
| പള്ളിവാതുക്കൽ ജോർജ് | - | ഇരട്ടയാർ |
| ഊരോത്ത് ജോൺ | - | ഇരട്ടയാർ |

### C.49/15 2013-2014 പിരിവുകളിൽ ചേർക്കാൻ വിട്ടുപോയത്

| NAME OF PARISH | H.C. | B.S. | P.P. | M.S. | V.F. | C.M.F. | J.S. | G.F. | M.E.C. | S.M.M.S. | Y.D. |
|---|---|---|---|---|---|---|---|---|---|---|---|
| Pazhayarikandom | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 1500 | 100 | 100 |

### C. 50/15 തിരുനാൾ ആശംസകൾ

| | | |
|---|---|---|
| റവ. ഫാ. ഫിലിപ്പ് | ഐക്കര | മെയ് 3 |
| റവ. ഫാ. ഫിലിപ്പ് | മറ്റം | ” |
| റവ. ഫാ. ഫിലിപ്പ് | പാറയ്ക്കൽ | ” |
| റവ. ഫാ. ഫിലിപ്പ് | പെരുന്നാട്ട് | ” |
| റവ. ഫാ. ഫിലിപ്പ് | താഴത്തുവീട്ടിൽ | ” |



## C. 51/15 സമർപ്പിത വർഷം

### സോണൽതല സമർപ്പിത-വൈദികസംഗമം

സമർപ്പിത വർഷാചരണത്തിന്റെ ഭാഗമായി ഇടുക്കി രൂപതയിലെ എല്ലാ സമർപ്പിതരുടെയും വൈദികരുടെയും ഏകദിന കൂട്ടായ്മ നാലു സോണുകളിലായി നടത്തുകയാണ്. രാവിലെ 9.30-ന് ആരംഭിക്കുന്ന സമ്മേളനം ഉച്ചകഴിഞ്ഞ് 3.30-ന് സമാപിക്കുന്നതായിരിക്കും. ശ്രീ. അലക്സാണ്ടർ ജേക്കബ് IPS ആയിരിക്കും ക്ലാസ് നയിക്കാൻ എത്തുക. വാഴത്തോപ്പ്, ഇരട്ടയാർ, രാജാക്കാട്, അടിമാലി എന്നീ നാലു സ്ഥലങ്ങളിൽ വച്ചാണ് ഈ പ്രോഗ്രാം നടത്തുക. പ്രോഗ്രാം നടത്തുന്ന തീയതികളും അതാതു സ്ഥലങ്ങളിൽ ഏതൊക്കെ ഫൊറോനകളിൽ നിന്നുളള വൈദികരും സമർപ്പിതരുമാണ് പങ്കെടുക്കേണ്ടത് എന്നും താഴെ ചേർക്കുന്നു:

1. വാഴത്തോപ്പ്- ജൂൺ 13

ചുരുളി, വാഴത്തോപ്പ് എന്നീ ഫൊറോനാകളിലെ സമർപ്പിതരും വൈദികരും. കൂടാതെ മുരിക്കാശ്ശേരി, വാത്തിക്കുടി എന്നീ ഇടവകകളിലെ വൈദികരും സമർപ്പിതരും.

2. അടിമാലി- ജൂലൈ 18

പാറത്തോട്, വെള്ളത്തൂവൽ, കൂമ്പൻപാറ ഫൊറോനാകളിലെ വൈദികരും സമർപ്പിതരും.

3. രാജാക്കാട്- ഓഗസ്റ്റ് 14

രാജാക്കാട് ഫൊറോനായിലെ വൈദികരും സമർപ്പിതരും.

4. ഇരട്ടയാർ- സെപ്റ്റംബർ 12

വെള്ളയാംകുടി, നെടുംകണ്ടം, തങ്കമണി, ഇരട്ടയാർ ഫൊറോനാകളിലെ വൈദികരും സമർപ്പിതരും.

C. 52/15 **പൗരോഹിത്യ ആദ്ധ്യാത്മികത: ധ്യാനചിന്തകൾ**

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**

## സ്വർഗത്തിന്റെ വഴിയിൽ വ്യാപരിക്കുന്ന ജീവിതം

**(തിരുവചനഭാഗം: ലൂക്കാ 16,1–17,10)**

മിശിഹായുടെ ശിഷ്യത്വത്തിലേക്കു വിളിക്കപ്പെട്ട എല്ലാവരും സ്വത്തും പണവും ഭൗതികനന്മകളും കൈകാര്യം ചെയ്യുന്നവരാണ്. ഈ ലോകത്തിൽ മനുഷ്യരെല്ലാം അതു ചെയ്തേ പറ്റൂ. ഇടവക വൈദികരും ഇതിന് ഒരു അപവാദമല്ല. മാത്രമല്ല, പലപ്പോഴും തങ്ങളുടെ അജപാലനശുശ്രൂഷയിൽ അവശ്യം പണവുമായി ബന്ധപ്പെടേണ്ടിവരും. ധനവും ലോകനന്മകളും അനുഗ്രഹമോ ശാപമോ ആകാം. അത് അനുഗ്രഹദായകമായ വിധത്തിൽ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് വ്യക്തമാക്കുന്ന ഒരു തിരുവചനഭാഗമാണ് ഇത്. ധനം ധൂർത്തടിച്ചെന്ന് അഥവാ ദുർവ്യയം ചെയ്തെന്നു കുറ്റാരോപണമേറ്റ കാര്യസ്ഥന്റെ കഥയോടെയാണ് ഈ വചനഭാഗത്തിന്റെ തുടക്കം: "ഒരു ധനവാന് ഒരു കാര്യസ്ഥൻ ഉണ്ടായിരുന്നു. അവൻ സ്വത്ത് ദുർവ്യയം ചെയ്യുന്നുവെന്ന് യജമാനന് പരാതിലഭിച്ചു" (ലൂക്കാ 16,1).

ഈലോക വസ്തുക്കളെ സംബന്ധിച്ചിടത്തോളം ദൈവം ഉടമസ്ഥനും മനുഷ്യരെല്ലാം കാര്യസ്ഥരുമാണ്. അതുകൊണ്ട് ദൈവഹിതമായിരിക്കണം പണവും ഭൗതികവസ്തുക്കളും നമുക്കുള്ളതെല്ലാം കൈകാര്യം ചെയ്യുന്നതിൽ നമുക്കു മാനദണ്ഡമാകേണ്ടത്. വിവേകപൂർവം പ്രവർത്തിച്ച കാര്യസ്ഥന്റെ ഉപമയും അതിനോടനുബന്ധിച്ച ഗുണപാഠങ്ങളും (16,1–13), അതേത്തുടർന്ന് പണക്കൊതിയരായ ഫരിസേയരുടെ പരിഹാസവും അതിന് ഈശോ നല്കുന്ന മറുപടിയുമാണ് (16,14–18) ആദ്യം കൊടുത്തിരിക്കുന്നത്. പിന്നീട് ധനികന്റെയും ലാസറിന്റെയും ഉപമയും (16,19–31) ശിഷ്യർക്കു തുടർന്നു നല്കുന്ന ഉപദേശങ്ങളും (17,1–10) ചേർത്തിരിക്കുന്നു.

### 1. വിവേകപൂർവം സമ്പത്ത് വിനിയോഗിക്കുന്ന ജീവിതം

"*കൗശലപൂർവം പ്രവർത്തിച്ചതിനാൽ നീതിരഹിതനായ കാര്യസ്ഥനെ യജമാനൻ പ്രശംസിച്ചു. എന്തെന്നാൽ, ഈ യുഗത്തിന്റെ മക്കൾ തങ്ങളുടെ തലമുറയിൽ വെളിച്ചത്തിന്റെ മക്കളെക്കാൾ ബുദ്ധി*



*ശാലികളാണ്. ഞാൻ നിങ്ങളോടു പറയുന്നു. അധാർമ്മിക സമ്പത്തുകൊണ്ട് നിങ്ങൾക്കായി സ്നേഹിതരെ സമ്പാദിച്ചുകൊള്ളുവിൻ. അതു നിങ്ങളെ കൈവെടിയുമ്പോൾ അവർ നിങ്ങളെ നിത്യകൂടാരങ്ങളിൽ സ്വീകരിക്കും*" (16,8–9).

അന്യായക്കാരനും വിവേകിയുമായ കാര്യസ്ഥന്റെ ഉപമയും അതിൽനിന്നുള്ള പാഠങ്ങളുമാണ് 16,1–13 ൽ വിവരിക്കുന്നത്. ഈശോയുടെ കാലത്ത് പലസ്തീനാ കാർഷികരാജ്യമായിരുന്നു. സമ്പത്ത് ഏറിയ പങ്കും കൃഷിഭൂമിയുമായിരുന്നു. ഗോതമ്പും എണ്ണയെടുക്കുന്ന ഒലിവുമായിരുന്നു പ്രധാനകൃഷി. വലിയ ഭൂവുടമകൾ കാര്യങ്ങളൊക്കെ നോക്കിനടത്താൻ കാര്യസ്ഥന്മാരെ നിയമിക്കാറുണ്ട്. അതായിരിക്കണം ഈ ഉപമയുടെ പശ്ചാത്തലം. കാര്യസ്ഥൻ ഉടമയായ യജമാനന്റെ ധനം കൈകാര്യം ചെയ്യുന്നതിൽ നീതിരഹിതനായിരുന്നതിന് അവനു ലഭിച്ച ഫലവും വിവേകപൂർവം പ്രവർത്തിച്ചതിന് അവനു ലഭിച്ച പ്രശംസയും തമ്മിലുള്ള ഒരു വൈരുദ്ധ്യം ഈ ഉപമയിലുണ്ട്. ധനവിനിയോഗത്തിൽ അയാൾ യജമാനന്റെ ദൃഷ്ടിയിൽ നീതിരഹിതനായത് യജമാനന്റെ ധനം ധൂർത്തടിച്ചു അല്ലെങ്കിൽ ദുർവ്യയം ചെയ്തു എന്നു കേട്ടതിനാലാണ്. ലൗകികമായ സമ്പാദ്യങ്ങളും ഇതരകഴിവുകളും ഉള്ളവനായ, നന്മ ചെയ്യുവാൻവേണ്ടി കഴിവുകൾ നല്കപ്പെട്ടവനായ, മനുഷ്യനെയാണ് ഈ ഉപമയിലെ കാര്യസ്ഥൻ പ്രതിനിധീകരിക്കുക. "നിന്റെ കാര്യസ്ഥതയുടെ കണക്കു ബോധിപ്പിക്കുക" (16,2) എന്നാണ് യജമാനൻ ആവശ്യപ്പെടുന്നത്. ഈ കണക്കു ചോദ്യം അവസാനത്തെ ന്യായവിധിയെ മാത്രം ഉദ്ദേശിക്കുന്നതല്ല. ഇടയ്ക്കിടെ ദൈവം മനുഷ്യനു നല്കുന്ന താക്കീതുകൾ അഥവാ മുന്നറിയിപ്പുകളായി അതിനെ പരിഗണിക്കാം. നമ്മിൽ നിക്ഷിപ്തമായിരിക്കുന്ന കഴിവുകൾ, അവ ധനപരമായാലും മറ്റെന്തായാലും, എല്ലാം ദൈവത്തിന്റെ ദാനമാണ്. അതിനു നാം അപ്പോഴപ്പോൾ ദൈവതിരുമുമ്പാകെ കണക്കുകൊടുക്കേണ്ടവരാണ്. ദൈവഹിതത്തിനെതിരായി അവയെ വിനിയോഗിച്ചാൽ കാര്യസ്ഥതയിൽനിന്ന് നാം ബഹിഷ്കരിക്കപ്പെടും എന്ന് പ്രത്യേകം ഇവിടെ അനുസ്മരിപ്പിക്കുന്നു. കാര്യസ്ഥതയുടെ അവസാനിപ്പിക്കൽ മരണത്തെയോ നമ്മുടെ കഴിവുകളുടെ നാശത്തെയോ സൂചിപ്പിക്കുന്നതായി കരുതാം. ദൈവം തന്നിട്ടുള്ള എല്ലാ കഴിവുകളും അജപാലന

ശുശ്രൂഷയിൽ പരമാവധി ഉപയോഗിക്കുവാൻ പുരോഹിതൻ ശ്രദ്ധിക്കണം.

ഉപമയുടെ പ്രധാനസന്ദേശം കാര്യസ്ഥന്റെ വിവേകപൂർവകമായ പ്രവൃത്തിയാണ്. യജമാനന്റെ താല്പര്യങ്ങളെ തീരെ അവഗണിച്ചുകൊണ്ട് സ്വന്തഭാവിക്കുവേണ്ടി യജമാനന്റെ സമ്പത്ത് അവൻ വിനിയോഗിക്കുന്നു. ദീർഘദൃഷ്ടിയോടുകൂടി പ്രവർത്തിച്ച ഈ കാര്യസ്ഥനെ യജമാനൻ ശ്ലാഘിക്കുന്നു. അവന്റെ ചുമതല ബോധരഹിതവും അന്യായവുമായ പ്രവൃത്തിയെയല്ല, അവന്റെ ദീർഘദൃഷ്ടിയെയാണ് യജമാനൻ പ്രശംസിക്കുന്നത്. അതോടൊപ്പം "ഈ യുഗത്തിന്റെ മക്കൾ തങ്ങളുടെ തലമുറയിൽ വെളിച്ചത്തിന്റെ മക്കളെക്കാൾ ബുദ്ധിശാലികളാണ്'' എന്നുകൂടി കൂട്ടിച്ചേർക്കുന്നു. 'ഈലോകത്തിന്റെ മക്കൾ' ലൗകികരായ മനുഷ്യരെയും, 'പ്രകാശത്തിന്റെ മക്കൾ' മിശിഹാശിഷ്യത്വം സ്വീകരിച്ച് അതിനനുസൃതമായി ജീവിക്കുന്നവരെയും പ്രതിനിധീകരിക്കുന്നു. മിശിഹായുടെ ശിഷ്യത്വം ജീവിക്കുന്നവർ ആത്മീയമായ അവരുടെ ലക്ഷ്യപ്രാപ്തിക്കായി പരിശ്രമിക്കുന്നതിൽ കാണിക്കുന്നതിനെക്കാൾ കൂടുതൽ ബുദ്ധിയും ദീർഘദൃഷ്ടിയും ലൗകികമായ ലക്ഷ്യപ്രാപ്തിക്കുമാത്രമായി ഈലോകത്തിലെ സാധാരണ മനുഷ്യർ കാണിക്കുന്നു. വേറൊരു വിധത്തിൽ പറഞ്ഞാൽ, ഈ ലോകത്തിന്റെ മക്കൾ ഈലോകത്തെ സേവിക്കുന്നതിൽ കാണിക്കുന്നിടത്തോളം തീക്ഷ്ണത, പ്രകാശത്തിന്റെ മക്കൾ ദൈവസ്നേഹത്തിൽ കാണിക്കുന്നില്ല. ദൈവമഹത്ത്വത്തിനും ദൈവജനത്തിന്റെ നന്മയ്ക്കും ഉപകരിക്കത്തക്കവിധം പണവും മറ്റു കഴിവുകളും കൈകാര്യം ചെയ്യുവാൻ പുരോഹിതന് ഈ ഉപമ പ്രചോദനമാകണം.

**2. ദൈവസ്നേഹത്തിൽ വ്യാപരിക്കുന്ന ജീവിതം**

*"ഒരു ഭൃത്യനു രണ്ടു യജമാനന്മാരെ സേവിക്കുവാൻ സാധിക്കുകയില്ല. ഒന്നുകിൽ അവൻ ഒരുവനെ ദ്വേഷിക്കുകയും മറ്റവനെ സ്നേഹിക്കുകയും ചെയ്യും. അല്ലെങ്കിൽ ഒരുവനോടു ഭക്തി കാണിക്കുകയും മറ്റവനെ നിന്ദിക്കുകയും ചെയ്യും. ദൈവത്തെയും ധനത്തെയും ഒന്നിച്ചു സേവിക്കുവാൻ നിങ്ങൾക്കു കഴിയുകയില്ല"* (16,13).



"ദൈവത്തെയും മാമോനെയും ഒന്നിച്ചു സേവിക്കുവാൻ നിങ്ങൾക്കു കഴിയുകയില്ല" എന്ന് ഈശോ പറയുമ്പോൾ ഒരു കാര്യം സംശയാതീതമായി പ്രഖ്യാപിക്കുകയാണ്. ദൈവത്തോടുള്ള സ്നേഹം നിർമ്മലവും അവിഭാജ്യവുമായിരിക്കണം. 'മാമോൻ' എന്നു പറയുന്നത് ഏതെങ്കിലും ലൗകിക വസ്തുവാകാം. ഒരു കുട്ടിയെ മറ്റൊരാളുടെ സൂക്ഷത്തിന് ഏല്പിക്കുന്ന സാഹചര്യത്തിൽ, കുട്ടിയെ അയാൾ നിയന്തിക്കേണ്ടതിനു പകരം അയാൾ കുട്ടിയുടെ നിയന്ത്രണത്തിൻ കീഴിലായാൽ ആ കുട്ടി അയാൾക്ക് 'മാമോൻ' ആകും. ലോകത്തിലെ ഏതൊരാൾക്കും ഏതൊരു വസ്തുവിനും ആ വിധത്തിൽ 'മാമോൻ' ആകാനുള്ള സാദ്ധ്യതയുണ്ട്. പ്രത്യേകിച്ച് സാമ്പത്തികധനത്തിന് ഈയൊരു സാദ്ധ്യത വളരെയേറെയുണ്ട്. അതു തന്നെയാണ് ധനത്തെ മാമോൻ എന്നു വിശേഷിപ്പിക്കുവാൻ കാരണം. ദൈവസ്നേഹവും ലോകത്തിന്റെ സ്നേഹവും ഒന്നിച്ചുപോകുകയില്ല (1 യോഹ 2,15). ഒരേസമയം രണ്ടു യജമാനന്മാരെ സേവിക്കുവാൻ ആർക്കും സാദ്ധ്യമല്ല. കാരണം യജമാനന് ദാസന്റെ മേലുള്ള അധികാരം പൂർണമാണ്. യജമാനന്റെ നിയന്ത്രണത്തിലല്ലാത്ത ഒരു സമയവും ദാസനില്ല. അതുപോലെ ദൈവസ്നേഹവും പൂർണഹൃദയത്തോടെയുള്ള സ്നേഹമാണ് (മർക്കോ 12,30). ഭാഗികമായ ഒരു സ്നേഹത്തിന് അവിടെ പ്രസക്തിയില്ല. വി. പൗലോസ്ശ്ലീഹാ തിമോത്തേയോസിനു കൊടുക്കുന്ന ഉപദേശം ഇവിടെ പ്രസക്തമാണ്: "ഈ ലോകത്തിലെ ധനവാന്മാരോട്, ഔദ്ധത്യം ഉപേക്ഷിക്കാനും തങ്ങളുടെ പ്രതീക്ഷകൾ അനിശ്ചിതമായ സമ്പത്തിൽ വയ്ക്കാതെ, അവയെല്ലാം നമുക്കനുഭവിക്കുവാൻവേണ്ടി ധാരാളമായി നല്കിയിട്ടുള്ള ദൈവത്തിൽ അർപ്പിക്കാനും നീ ഉദ്ബോധിപ്പിക്കുക. അവർ നന്മ ചെയ്യണം" (1 തിമോ 6,17).

ഈശോയുടെ വാക്കുകൾ കേട്ട് പണക്കൊതിയരായ ഫരിസേയർ അവിടുത്തെ പുച്ഛിച്ചു; അക്ഷരാർത്ഥത്തിൽ പരിഹസിച്ചു. പണക്കൊതിയരാണെങ്കിലും തങ്ങൾ നീതിമാന്മാരാണെന്ന് മനുഷ്യരെ കാണിക്കാൻ തത്രപ്പെടുന്ന ഒരു ജീവിതശൈലിയായിരുന്നു അവരുടേത്. അതുകൊണ്ടാണ് ഈശോയുടെ ഈ വാക്കുകൾ കേട്ടപ്പോൾ അവർ അവിടുത്തെ പരിഹസിച്ചത്. ഫരിസേയർ സ്വയം നീതിമാന്മാരാണെന്നു ഭാവിക്കുകയും അതു മനുഷ്യരെ ബോദ്ധ്യപ്പെടുത്താൻ

പരിശ്രമിക്കുകയും ചെയ്യുന്നവരായിരുന്നു. എന്നിരുന്നാലും ദൈവം അവരുടെ ഹൃദയത്തെ കാണുന്നവനാണ്: "ദൈവം നിങ്ങളുടെ ഹൃദയങ്ങളെ അറിയുന്നു" (16,15). ഈ കപടഭക്തിയാൽ ഒരുപക്ഷേ വഞ്ചിതരായി മറ്റു മനുഷ്യർ, ഫരിസേയർ നീതിമാന്മാരാണെന്ന് പരമാർത്ഥമായിത്തന്നെ വിശ്വസിച്ചേക്കാമെങ്കിലും ദൈവദൃഷ്ടിയിൽ അവർ നിന്ദ്യന്മാരായിത്തന്നെയിരിക്കും: "മനുഷ്യർക്ക് ഉത്കൃഷ്ടമായത് ദൈവദൃഷ്ടിയിൽ നികൃഷ്ടമാണ്" (16,15). ദൈവരാജ്യത്തിന്റെ സുവിശേഷവുമായി വന്ന ഈശോയെ നിയമപാലനത്തിന്റെ പേരിൽ ഫരിസേയർ വിശ്വസിക്കാതെയും സ്വീകരിക്കാതെയുംവന്ന പശ്ചാത്തലത്തിലായിരിക്കണം തുടർന്നുള്ള വാക്കുകൾ ഈശോ പറഞ്ഞത്. നിയമത്തിന്റെ യുഗത്തിൽനിന്ന് ദൈവരാജ്യത്തിന്റെ യുഗത്തിലേക്ക് കടന്നതുകൊണ്ട് നിയമപ്രകാരമുള്ള കടപ്പാടുകളൊന്നും വിസ്മരിക്കാമെന്നു ധരിക്കരുത്. ഈശോ നിയമത്തിന്റെ പൂർത്തീകരണമാണ് (മത്താ 5,17). നിയമത്തിന്റെ പൂർത്തീകരണം പൂർണവും അവിഭക്തവുമായ ദൈവസ്നേഹമാണ്. അപ്രകാരമുള്ള ദൈവസ്നേഹത്തിൽ വ്യാപരിക്കുന്ന ഒരു ജീവിതമാണ് പണത്തോടും ലോകവസ്തുക്കളോടും ബന്ധപ്പെടേണ്ടിവരുന്ന പുരോഹിതർക്ക് ഉണ്ടായിരിക്കേണ്ടത്.

**3. ദൈവവിചാരമുള്ള ജീവിതം**

*"അബ്രാഹം പറഞ്ഞു: മകനേ, നീ ഓർമ്മിക്കുക: നിനക്കു ജീവിതകാലത്ത് എല്ലാ സുഖസൗകര്യങ്ങളും ലഭിച്ചിരുന്നു; ലാസറിനോ കഷ്ടതകളും. ഇപ്പോൾ അവൻ ഇവിടെ ആനന്ദിക്കുകയും നീ വേദന അനുഭവിക്കുകയും ചെയ്യുന്നു. കൂടാതെ, ഞങ്ങൾക്കും നിങ്ങൾക്കും മധ്യേ ഒരു വലിയ ഗർത്തവും സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഇവിടെനിന്നു നിങ്ങളുടെ അടുത്തേക്കോ അവിടെനിന്നു ഞങ്ങളുടെ അടുത്തേക്കോ വരാൻ ആഗ്രഹിക്കുന്നവർക്ക് അതു സാധിക്കുകയില്ല"* (16,25-26).

സമ്പത്തിന്റെ ശരിയായ വിനിയോഗം വിഷയമാക്കി വീണ്ടും ഈശോ പറഞ്ഞ ഉപമയാണ് ധനികന്റെയും ലാസറിന്റെയും ഉപമ (16,19-31). സമ്പത്ത് അയൽക്കാരനായ ദരിദ്രനുവേണ്ടി വിനിയോഗിക്കാതെ സ്വന്തം സുഖഭോഗങ്ങൾക്കുമാത്രം വിനിയോഗിക്കുന്നവന്



ദൈവരാജ്യത്തിൽ പ്രവേശനമില്ലെന്നു മാത്രമല്ല, കഠിനമായ നരകശിക്ഷ ലഭിക്കുകയും ചെയ്യും. മുഖ്യ കഥാപാത്രം ഏറെ നാളായി രോഗിയായി കിടപ്പായിരുന്ന ദരിദ്രനായ ലാസറും ഒരു ധനികനുമാണ്. രണ്ടു വിപരീത കഥാപാത്രങ്ങളിലൂടെ ഇഹലോകജീവിതത്തിലെയും പരലോകജീവിതത്തിലെയും വിപരീതാനുഭവങ്ങൾ അവതരിപ്പിച്ചുകൊണ്ടാണ് ഉപമ രൂപപ്പെടുത്തിയിരിക്കുന്നത്. ലാസർ ധനികന്റെ വീട്ടുപടിക്കൽ കിടന്നിരുന്നു എന്നത് വൈപരീത്യത്തിന്റെ ആക്കം കൂട്ടുന്നു. ധനികൻ പട്ടും മൃദുലവസ്ത്രങ്ങളും ധരിച്ചിരുന്നു. സുഭിക്ഷമായി ഭക്ഷിച്ച് ആനന്ദിച്ചിരുന്നു. ദൈവവിചാരമൊട്ടുമില്ലാതെയാണ് അയാൾ ജീവിച്ചത്. ഭോഷനായ ധനികന്റെ ആത്മഗതം -"വിശ്രമിക്കുക, തിന്നുകുടിച്ച് ആനന്ദിക്കുക" (ലൂക്കാ 12,19)- അയാളിൽ അന്വർത്ഥമായിരുന്നു. സമ്പത്തും സുഭിക്ഷിതയുമെല്ലാം ദൈവാനുഗ്രഹത്തിന്റെ ലക്ഷണമായി യഹൂദർ കരുതിയിരുന്നു. അതേസമയം അവന്റെ പടിവാതിൽക്കൽ ലാസർ എന്ന ഒരു ദരിദ്രൻ കിടന്നിരുന്നു. അവന്റെ ശരീരം വ്രണങ്ങൾകൊണ്ടു നിറഞ്ഞിരുന്നു. ധനികൻ ഒരിക്കലും അവന് ഒന്നും കൊടുത്തില്ല. ലാസർ എന്ന പേരിന്റെ അർത്ഥം 'ദൈവം സഹായിക്കുന്നു' എന്നാണ്. അവന്റെ ദാരിദ്ര്യത്തിൽ അവൻ ദൈവത്തിൽ ആശ്രയിച്ചിരുന്നു എന്നൊരു സൂചനയുണ്ട്. ഈലോകാനുഭവങ്ങൾക്ക് നേരെ വിപരീതമാണ് രണ്ടുപേർക്കും മരണാനന്തരം ലഭിച്ചത്. ധനികന് പാതാളത്തിൽ കഠിനയാതനകൾ. ലാസറിന് അബ്രാഹത്തിന്റെ മടിയിൽ ആശ്വാസം. ഈലോകത്തിലെ സർവവിധസുഖാനുഭവങ്ങൾക്കും പകരം പരലോകത്തിൽ ദുരിതവും, ഇഹലോകദുരിതങ്ങൾക്കു പകരം അവിടെ സുഖാനുഭവവും ലഭിക്കുമെന്ന് ഇതുകൊണ്ട് അർത്ഥമാക്കുന്നില്ല. ഈലോകസുഖാനുഭവങ്ങൾ ദൈവത്തെ മറന്നുള്ളവയാണെങ്കിൽ, ഹൃദയത്തെ ദൈവത്തിൽ നിന്നകറ്റിക്കളയുന്നവയാണെങ്കിൽ, ശിക്ഷാർഹമാകും എന്നാണ് അതിന്റെ അർത്ഥം. അതുപോലെതന്നെയാണ് ലോകദുരിതാനുഭവങ്ങളും. അവ ദൈവത്തോടു ചേർന്നു സ്വീകരിച്ചെങ്കിൽമാത്രമേ അവയ്ക്ക് പ്രതിഫലം സിദ്ധിക്കുകയുള്ളൂ. സുഖത്തിലും ദുഃഖത്തിലും ദൈവവിചാരമുള്ള ജീവിതം നയിക്കുവാൻ ഈ ഉപമ നമുക്ക് പ്രചോദനമാകണം.

ലാസറിന്റെ സൗഭാഗ്യം ധനികൻ നരകത്തിൽ കിടന്നു കാണുന്നു. അഗ്നിജ്ജ്വാലയിൽ കിടന്നു യാതനയനുഭവിക്കുന്ന തന്നെ വിരൽത്തുമ്പിൽനിന്നു വെള്ളത്തുള്ളികൾ വീഴ്ത്തി ആശ്വസിപ്പിക്കാൻ ലാസറിനെ അയയ്ക്കണമെന്ന് ധനികൻ പിതാവായ അബ്രാഹത്തോട് അപേക്ഷിച്ചു (16,24). ദൈവസ്നേഹത്തിൽനിന്നും നിത്യമായി വേർപെടുത്തപ്പെട്ട അവസ്ഥയിലുണ്ടാകുന്ന തീവ്രമായ വേദനയുടെ പ്രതീകമാണ് അഗ്നിജ്ജ്വാല. അയാളും ലാസറും ജീവിതകാലത്ത് അനുഭവിച്ചിരുന്നവയുടെ വൈരുദ്ധ്യവും, ഇപ്പോൾ അവർ അനുഭവിക്കുന്നവയുടെ വൈരുദ്ധ്യവും അബ്രാഹം അവനെ അനുസ്മരിപ്പിക്കുന്നു (16,25). കൂടാതെ അബ്രാഹത്തിനും കൂട്ടർക്കും ധനികൻ കിടക്കുന്നിടത്തേയ്ക്കോ, അവർ ആയിരിക്കുന്നിടത്തേക്ക് ധനികനോ, പോകുകയോ വരികയോ ചെയ്യുക അസാദ്ധ്യമാണെന്നും അബ്രാഹം അയാളോടു പറയുന്നു (16,26). പരസ്പരം കടന്നുചെന്ന് വേണ്ട സഹായം ചെയ്തുകൊടുക്കുവാൻ ധനികനും ലാസറിനും കഴിയാത്തവിധം നിത്യമായി അവരെ വേർപെടുത്തിയ ഗർത്തം സൃഷ്ടിച്ചത് ധനികൻ തന്നെയാണ്. ജീവിതകാലത്ത് സ്വയം സൃഷ്ടിച്ച സ്നേഹമില്ലായ്മയുടെ വിടവാണ് നിത്യഗർത്തമായിത്തീർന്നത്. അന്ത്യവിധി അവതരിപ്പിക്കുമ്പോൾ മത്തായിസുവിശേഷകൻ ഇതു സൂചിപ്പിക്കുന്നുണ്ട് (മത്താ 25:31-46). ധനികൻ ജീവിച്ചിരുന്നപ്പോൾ ദൈവവിചാരമുള്ളവനായി, ദൈവസ്നേഹത്തോടും പരസ്നേഹത്തോടും കൂടി ജീവിച്ചിരുന്നെങ്കിൽ, ഈ നിത്യമായ വിടവ് ഉണ്ടാകുമായിരുന്നില്ല. സ്നേഹമില്ലായ്മയുടെ വിടവു സൃഷ്ടിക്കാതെ പരിപൂർണമായ ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും പാലംപണിയുന്നവനാകണം മിശിഹായുടെ പുരോഹിതൻ.

**4. ഇടർച്ച നല്കാത്ത ജീവിതം**

"*അവൻ ശിഷ്യരോടു പറഞ്ഞു: ദുഷ്പ്രേരണകൾ ഉണ്ടാകാതിരിക്കുക അസാധ്യം. എന്നാൽ, ആരുമൂലം അവ ഉണ്ടാകുന്നുവോ അവനു ദുരിതം! ഈ ചെറിയവരിൽ ഒരുവനു ദുഷ്പ്രേരണ നല്കുന്നതിനെക്കാൾ നല്ലത് കഴുത്തിൽ തിരികല്ലുകെട്ടി കടലിൽ എറിയപ്പെടുന്നതാണ്*" (17,1-2).

ദുഷ്ടനായ ധനികന്റെ ഐശ്വര്യം ദരിദ്രനായ നീതിമാന് ഇടർച്ച



യാകുന്ന സ്ഥിതിവിശേഷം പഴയനിയമപാരമ്പര്യത്തിൽത്തന്നെയുണ്ട്. സങ്കീർത്തനങ്ങളിൽ ഈ സ്ഥിതിവിശേഷം പ്രതിഫലിക്കുന്നുണ്ട്: "എന്റെ കാലുകൾ ഇടറാൻ ഭാവിച്ചു. എന്റെ പാദങ്ങൾ വഴുതാൻ തുടങ്ങി. ദുഷ്ടന്റെ ഐശ്വര്യം കണ്ടിട്ട് അഹങ്കാരികളോട് എനിക്ക് അസൂയ തോന്നി" (സങ്കീ 73,2-3). ആദിമസഭയിലും ഇതുപോലെയുള്ള സാഹചര്യങ്ങൾ ഉണ്ടായിരുന്നതായി സൂചനകളുണ്ട്. ദരിദ്രരെ ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ടവരായി കാണാതെ വിവേചനാപരമായി അവരോടു പെരുമാറുന്നതായി യാക്കോബുശ്ലീഹാ വിശ്വാസികളെ കുറ്റപ്പെടുത്തുന്നു: "എന്റെ സഹോദരരേ, മഹത്വപൂർണനും നമ്മുടെ കർത്താവുമായ ഈശോമിശിഹായിൽ വിശ്വസിക്കുന്ന നിങ്ങൾ പക്ഷപാതം കാണിക്കരുത്. ... തന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദാനംചെയ്ത രാജ്യത്തിലെ അവകാശികളും വിശ്വാസത്തിൽ സമ്പന്നരുമായി ദൈവം തെരഞ്ഞെടുത്തത് ലോകത്തിലെ പാവപ്പെട്ടവരെയല്ലേ? (യാക്കോബ് 2,1-5). വി. പൗലോസ്ശ്ലീഹാ കോറിന്തോസുകാർക്കെഴുതിയ ഒന്നാം ലേഖനത്തിൽ ഇപ്രകാരം പറയുന്നു: "നിങ്ങൾ ഒന്നിച്ചുകൂടുമ്പോൾ കർത്താവിന്റെ അത്താഴമല്ല നിങ്ങൾ ഭക്ഷിക്കുന്നത്. കാരണം, ഓരോരുത്തരും നേരത്തെതന്നെ സ്വന്തം ഭക്ഷണം കഴിക്കുന്നു. തൽഫലമായി ഒരുവൻ വിശന്നും അപരൻ കുടിച്ച് ഉന്മത്തനായും ഇരിക്കുന്നു. എന്ത്? തിന്നാനും കുടിക്കാനും നിങ്ങൾക്കു വീടുകളില്ലേ? അതോ നിങ്ങൾ ദൈവത്തിന്റെ സഭയെ അവഗണിക്കുകയും ഒന്നും ഇല്ലാത്തവരെ അവഹേളിക്കുകയും ചെയ്യുന്നുവോ?" (1 കൊറി 11,20-22). കരുണയില്ലാത്ത ധനികർ ദരിദ്രർക്ക് ഇടർച്ചയായി മാറും. ഇത്തരത്തിലുള്ള ഇടർച്ച നല്കാതിരിക്കുവാൻ ഓരോ ക്രൈസ്തവനും ജാഗ്രത പുലർത്തണം. നേതൃത്വശുശ്രൂഷ നിർവഹിക്കുന്ന പുരോഹിതൻ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം.

ഇടർച്ച നല്കാത്ത ജീവിതത്തിന്റെ മറുവശമാണ് പരസ്പരം വിശുദ്ധീകരിക്കുന്ന ജീവിതം. ക്രിസ്തീയജീവിതം സഹോദരർക്കടുത്ത ജീവിതമാണ്. ദൈവമക്കളുടെ കുടുംബമെന്ന നിലയിൽ സഭയിൽ എല്ലാവരും സഹോദരരാണ്. സഹോദരരിൽ ആരെങ്കിലും പാപം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ തെറ്റുതിരുത്തുവാൻ അയാളെ സഹായിക്കുക എന്നത് സഭയിൽ എല്ലാവരുടെയും കടമ

യാണ്: "നിങ്ങൾ ശ്രദ്ധയുള്ളവരായിരിക്കുവിൻ. നിന്റെ സഹോദരൻ തെറ്റുചെയ്താൽ അവനെ ശാസിക്കുക; പശ്ചാത്തപിച്ചാൽ അവനോടു ക്ഷമിക്കുക" (17,3). പഴയനിയമത്തിൽത്തന്നെ ദൈവജനത്തിന് ഈ നിയമമുണ്ടായിരുന്നു: "സഹോദരനെ ഹൃദയംകൊണ്ട് വെറുക്കരുത്. അയൽക്കാരനെ ശാസിക്കണം. അല്ലെങ്കിൽ അവൻമൂലം നീ തെറ്റുകാരനാകും" (ലേവാ 19,17). തെറ്റുതിരുത്തൽ അവനെ മാനസാന്തരത്തിലേക്ക് നയിക്കുന്നതായിരിക്കണം. സ്നേഹപൂർവകമായ തെറ്റുതിരുത്തലാണ് സഹോദരനെ മാനസാന്തരപ്പെടുത്തുന്നത്. ദൈവത്തിന്റേതുപോലെ കരുണയുള്ള, ക്ഷമിക്കുന്ന സ്നേഹമാണ് മാനസാന്തരത്തിലേക്കു നയിക്കുന്ന സ്നേഹം. അതുകൊണ്ടാണ് ഈ സന്ദർഭത്തിൽ ക്ഷമിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഈശോ പറയുന്നത്: "ദിവസത്തിൽ ഏഴു പ്രാവശ്യം അവൻ നിനക്കെതിരായി പാപം ചെയ്യുകയും ഏഴു പ്രാവശ്യവും തിരിച്ചുവന്ന് ഞാൻ പശ്ചാത്തപിക്കുന്നു എന്നു പറയുകയും ചെയ്താൽ നീ അവനോടു ക്ഷമിക്കണം" (17,4). ക്രിസ്തീയജീവിതത്തിന്റെ മുഖമുദ്രയായ പരസ്പരസ്നേഹമാണ് വിശുദ്ധിയുടെ അന്തഃസത്ത. ഇപ്രകാരം വിശുദ്ധിയിൽ വളരാൻ സാധിക്കണമെങ്കിൽ സഭയിൽ എല്ലാവരും ദൈവത്തിന്റെ ക്ഷമിക്കുന്ന സ്നേഹം ഹൃദയത്തിൽ ഏറ്റുവാങ്ങി ആ സ്നേഹം പരസ്പരം പങ്കുവയ്ക്കണം. അങ്ങനെ പരസ്പരം വിശുദ്ധീകരിക്കുന്ന ഒരു സമൂഹമായി സഭയെ കെട്ടിപ്പടുക്കുന്ന ഒരു ശുശ്രൂഷയാണ് പുരോഹിതൻ നിർവഹിക്കേണ്ടത്. ഇതു സാദ്ധ്യമാകണമെങ്കിൽ പുരോഹിതൻതന്നെ ഹൃദയത്തിൽ ഈ സ്നേഹത്തോടുകൂടി തന്റെ അജപാലനശുശ്രൂഷ നിർവഹിക്കണം.

**5. പ്രതിഫലം പ്രതീക്ഷിക്കാത്ത ശുശ്രൂഷാജീവിതം**

"*ഇതുപോലെതന്നെ നിങ്ങളും കല്പിക്കപ്പെട്ടവയെല്ലാം ചെയ്തതിനുശേഷം, ഞങ്ങൾ പ്രയോജനമില്ലാത്ത ദാസന്മാരാണ്; കടമ നിർവഹിച്ചതേയുള്ളു എന്നു പറയുവിൻ*" (17,10).

ക്ഷമിക്കുന്ന സ്നേഹം പ്രാവർത്തികമാക്കുന്നതിനെക്കുറിച്ച് ഈശോ പറഞ്ഞപ്പോൾ ശ്ലീഹന്മാർ കർത്താവിനോടു പറഞ്ഞു: "ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കണമേ!" (17,5). ക്ഷമിക്കുന്ന സ്നേഹം മാനുഷികമായി അസാദ്ധ്യമായി തോന്നിയതുകൊണ്ടായി



രിക്കും അവർ ഈശോയോട് അപ്രകാരം അപേക്ഷിച്ചത്. ദൈവത്തിന്റെ കൃപയാലല്ലാതെ, മനുഷ്യന്റെ പരിശ്രമത്താൽമാത്രം പ്രായോഗികമാക്കുവാൻ സാധ്യമായ ഒന്നല്ല ക്ഷമിക്കുന്ന സ്നേഹം. മാനുഷികമായ പരിശ്രമത്താൽമാത്രം ചെയ്യാവുന്ന കാര്യങ്ങളല്ല ഈശോ തന്റെ അനുയായികളോട് ആവശ്യപ്പെടുക. വേറൊരു സന്ദർഭത്തിൽ ധനികൻ രക്ഷ പ്രാപിക്കുക ദുഷ്കരമാണെന്നു പറഞ്ഞപ്പോൾ കേൾവിക്കാർ ചോദിച്ചു: "അങ്ങനെയെങ്കിൽ രക്ഷ പ്രാപിക്കാൻ ആർക്കു കഴിയും?" (ലൂക്കാ 18,26). അപ്പോൾ അവിടുന്നു പറഞ്ഞു: "മനുഷ്യർക്ക് അസാദ്ധ്യമായത് ദൈവത്തിനു സാധ്യമാണ്" (ലൂക്കാ 18,27). ഇവിടെ ശ്ലീഹന്മാരാണ് തങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കണമേയെന്ന് ഈശോയോട് അപേക്ഷിക്കുന്നത്. രക്ഷയുടെ അടിസ്ഥാനപരമായ ദാനമാണ് വിശ്വാസം. ഈ വിശ്വാസമുണ്ടെങ്കിൽ അത്ഭുതങ്ങൾതന്നെ നടക്കുമെന്ന് ഈശോ പറയുന്നു (17,6). വിശ്വാസം ഒരു സ്നേഹബന്ധമാണ്. ദൈവവുമായുള്ള ഒരു സ്നേഹബന്ധം. അത് മനുഷ്യന്റെ നേട്ടമല്ല; ദൈവത്തിന്റെ കൃപയാണ്: "നമുക്കു നല്കപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്കു ചൊരിയപ്പെട്ടിരിക്കുന്നു" (റോമാ 5,5). പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ സ്നേഹം ഹൃദയങ്ങളിലേക്ക് ചൊരിയപ്പെട്ടിട്ടുള്ളതുകൊണ്ട് നമുക്കു ദൈവത്തിന്റെ ക്ഷമിക്കുന്ന സ്നേഹം പരസ്പരം പങ്കുവച്ചുകൊണ്ട് ജീവിക്കുവാൻ കഴിയും.

ഇപ്രകാരം പരസ്പരം സ്നേഹിക്കുന്ന ഒരു സമൂഹത്തിൽ പ്രതിഫലം പ്രതീക്ഷിക്കാത്ത ശുശ്രൂഷാജീവിതം പ്രാവർത്തികമാകും. സാധാരണഗതിയിൽ ശുശ്രൂഷ പ്രതിഫലം പ്രതീക്ഷിക്കുന്ന ഒന്നാണ്. എന്നാൽ സഭയിൽ പ്രാവർത്തികമാകേണ്ട ശുശ്രൂഷ സ്നേഹത്താൽ നിർബന്ധിക്കപ്പെടുന്ന ഒരു ശുശ്രൂഷയാണ്. ഇവിടെ ഭൃത്യന്റെ ഉദാഹരണം പറയുന്നത് സാമൂഹ്യമായ ഒരു വ്യവസ്ഥിതിയെ വിവരിക്കുവാനല്ല, പ്രത്യുത, ഒരു ഉപമയായിട്ടാണ്. പ്രതിഫലമോ നന്ദിയോ പ്രതീക്ഷിക്കാതെ ദാസരെപ്പോലെ ദൈവശുശ്രൂഷയ്ക്ക് സദാ സന്നദ്ധരായിരിക്കേണ്ടവരാണ് മിശിഹായുടെ ശിഷ്യർ. തന്റെ ജോലികൾ കഴിയുന്നത്ര ഭംഗിയായും സമർത്ഥമായും നിർവഹിച്ചശേഷം ചുമതല നിറവേറ്റിയതേയുള്ളു എന്ന് അവർ കരുതണം. ഞങ്ങൾ എളി

യവരായ, അനർഹരായ, ദാസർ മാത്രം എന്ന മനോഭാവം അവർക്കുണ്ടാവണം. രക്ഷ ദൈവം നല്കുന്ന ദാനമാണ്; ചെയ്ത ജോലികൾക്കുള്ള പ്രതിഫലമല്ല. ജീവിതത്തിൽ ചെയ്യേണ്ട ധർമ്മങ്ങൾ നിറവേറ്റിയതുവഴി ഉണ്ടായ നേട്ടങ്ങളിൽ ആരും അഹങ്കരിക്കരുത്. ഭൂമിയിലെ ഭൃത്യന്മാരുടെമേൽ യജമാനന് അവകാശമുള്ളതുപോലെ ദൈവത്തിനു നമ്മുടെമേൽ അവകാശമുണ്ട്. ദൈവം നമ്മുടെ സ്രഷ്ടാവും രക്ഷകനും പരിപാലകനുമാകയാൽ നമ്മുടെ ദൈവശുശ്രൂഷ അവിടുത്തെ അവകാശമാണ്. ദൈവശുശ്രൂഷയുടെ അവശ്യഘടകമാണ് മനുഷ്യശുശ്രൂഷ. സ്നേഹം പ്രാവർത്തികമാകുന്നത് ശുശ്രൂഷയിലൂടെയാണല്ലോ. ദൈവത്തിന്റെ സ്നേഹം ദൈവകൃപയിലൂടെ ഹൃദയത്തിൽ ചൊരിയപ്പെടുമ്പോൾ നാം ദൈവത്തെയും ദൈവം തരുന്ന എല്ലാ മനുഷ്യരെയും സ്നേഹിക്കുന്നവരും അവർക്കു നിസ്വാർത്ഥ ശുശ്രൂഷ നിർവഹിക്കുന്നവരുമാകും. ശുശ്രൂഷാപൗരോഹിത്യത്തിൽ പങ്കുചേർന്നവരുടെ ശുശ്രൂഷ ഇപ്രകാരമുള്ള ഒരു ശുശ്രൂഷയായിരിക്കണം.

**ജീവിതസൂചിക**

1. ദൈവം തന്നിട്ടുള്ള സമ്പത്തും കഴിവുകളും ദൈവമഹത്ത്വവും ദൈവജനത്തിന്റെ നന്മയും ലക്ഷ്യമാക്കി കൈകാര്യം ചെയ്യുവാൻ എനിക്ക് എത്രമാത്രം സാധിക്കുന്നുണ്ട്?

2. പണത്തോടും ലോകവസ്തുക്കളോടും ബന്ധപ്പെടുമ്പോൾ പൂർണവും അവിഭക്തവുമായ ദൈവസ്നേഹത്തോടെ വർത്തിക്കുവാൻ എനിക്കു കഴിയുന്നുണ്ടോ?

3. എന്റെ സമ്പത്തും കഴിവുകളും ദൈവവിചാരത്തോടെ കൈകാര്യം ചെയ്യുവാനും ദൈവത്തിനും മനുഷ്യർക്കുമായി സ്നേഹത്തോടെ പങ്കുവയ്ക്കുവാനും ഞാൻ ശ്രമിക്കുന്നുണ്ടോ?

4. മറ്റുള്ളവർക്ക് ഇടർച്ച നല്കാത്തതും പരസ്പരം വിശുദ്ധീകരിക്കുവാൻ പരിശ്രമിക്കുന്നതുമായ ഒരു ജീവിതമാണോ എന്റേത്?

5. പ്രതിഫലം പ്രതീക്ഷിക്കാതെ മിശിഹായുടെ സ്നേഹത്താൽ നിർബന്ധിക്കപ്പെട്ട് അജപാലനശുശ്രൂഷ നിർവഹിക്കുവാൻ എനിക്കു സാധിക്കുന്നുണ്ടോ?



## ക്രിസ്തുജ്യോതി വിശ്വാസപരിശീലനകേന്ദ്രം

### CJ. 29/15 സ്റ്റഡി ഫോറം

2015-2016 അദ്ധ്യായന വർഷം അദ്ധ്യാപകർക്കുള്ള സ്റ്റഡി ഫോറം വിഷയം താലന്ത് മാസികയിൽ നിന്നുള്ള വിഷയങ്ങൾ തന്നെയായിരിക്കും. താലന്ത് ഓഫീസിലേക്കുള്ള ഫോൺ നമ്പറുകൾ: 0484-2805815, Mob: 9995433667

താലന്ത് മാസികയുടെ അഡ്രസ്

Circulation Manager<br>
Talent Magazine<br>
P.O.C, Kochi - 682025

### CJ. 30/15 സൺഡേ സ്കൂൾ അദ്ധ്യാപകരുടെ ഉപന്യാസ രചന റിസൽറ്റ്

**സന്യസ്തർ**

I st Sr. Sheelu Therese CMC, St. Jude Sunday School, Adimaly

II nd Sr. Maggie SABS, Infant Jesus Sunday School, Combayar

**അല്മായർ**

I st Josmi Biju Kunnapallil, St. Maria Gorethi Sunday School Thopramkudy

II nd Chinju Mary Michael, St. Jude Sunday School Adimaly

### CJ. 31/15 ട്രോഫികൾ

2013-2014 അദ്ധ്യായന വർഷം സമ്മാനമായി ലഭിച്ച ട്രോഫികൾ എത്രയും വേഗം ക്രിസ്തുജ്യോതി ഓഫീസിൽ തിരിച്ചേൽപ്പിക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

CJ. 32/15 **സൺഡേസ്കൂൾ ബാഗ്**

സൺഡേസ്കൂൾ കുട്ടികൾക്കായുള്ള ബാഗ് തയ്യാറായിട്ടുണ്ട്. വില Rs. 60, 110 സ്കൂളിൽ കുട്ടികൾക്ക് ഉപയോഗിക്കാൻ സാധിക്കുന്ന മോഡലിലുള്ള ബാഗ് കുറച്ച് സ്റ്റോക്ക് ഉണ്ട്.

CJ. 33/15 **അദ്ധ്യായന വർഷാരംഭം 2015-2016**

നമ്മുടെ രൂപതയിൽ 2015-2016 അദ്ധ്യായന വർഷം മെയ് 31 ന് ആരംഭിക്കുന്നു. ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ മതാദ്ധ്യാപകർ ഒന്നിച്ചുകൂടി കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും പുതിയ അദ്ധ്യായന വർഷം ഏറ്റവും ആകർഷക മാക്കാൻ വേണ്ട കാര്യങ്ങൾ പ്രത്യേകം മുൻകൂട്ടി ആലോചിക്കുകയും ചെയ്യുമല്ലോ.

CJ. 34/15 **സുവിശേഷോത്സവ് 2015**

നമ്മുടെ രൂപതയിൽ നടത്തപ്പെട്ട സുവിശേഷോത്സവ് 2015 വിജയകരമാക്കാൻ പരിശ്രമിച്ച ബഹു. വികാരിയച്ചൻ, മതാദ്ധ്യാപകർ, പി.ടി.എ. പ്രതിനിധികൾ, ഭക്തസംഘടനകൾ എന്നിവർക്ക് പ്രത്യേകമായ അഭിനന്ദനങ്ങൾ.

CJ. 35/15 **S.S.C, H.C.C റിസൽറ്റ്**

സൺഡേ സ്കൂൾ വാർഷിക പരീക്ഷയുടെ റിസൽറ്റ് മെയ് 10-ാം തീയതി മുതൽ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

CJ. 36/15 **മതാദ്ധ്യാപകർക്കുള്ള ധ്യാനം**

നമ്മുടെ രൂപതയിലെ മതാദ്ധ്യാപകർക്കായുള്ള ധ്യാനം മെയ് 23 ന് 4.00 pm ന് ആരംഭിച്ച് മെയ് 28 ന് 9.00 am ന് അവസാനിക്കുന്നു. ധ്യാനത്തിനായി രജി. ചെയ്തിരിക്കുന്നവർ കൃത്യ സമയത്തുതന്നെ അണക്കര ധ്യാന കേന്ദ്രത്തിൽ എത്തിച്ചേരുമല്ലോ.

CJ. 37/15 **സൺഡേസ്കൂൾ വാർഷിക കൺവെൻഷൻ**

നമ്മുടെ രൂപതയിലെ സൺഡേ സ്കൂളുകളുടെ വാർഷിക കൺവെൻഷൻ മെയ് 30 ന് ശനിയാഴ്ച വാഴത്തോപ്പ് സെന്റ് ജോർജ് സൺഡേ സ്കൂളിൽവെച്ച് നടക്കുന്നു. രാവിലെ 9.00 am ന് വി. കുർബാനയോടെ ആണ് കൺവെൻഷൻ ആരംഭിക്കുന്നത്. എല്ലാ സൺഡേ സ്കൂളുകളിലെയും എച്ച്.എം, സ്റ്റാഫ് സെക്രട്ടറി, സുവി. ആനിമേറ്റേഴ്സ് എന്നിവർ നിർബന്ധമായും കൺവെൻഷനിൽ പങ്കെടുക്കേണ്ടതാണ്. അടുത്ത വർഷത്തേക്കുള്ള സൺഡേ സ്കൂൾ ഫയൽ കൺവെൻഷനിൽ വെച്ചു നൽകുന്നതാണ്. സൺഡേ സ്കൂൾ രൂപതാതല സമ്മാനങ്ങൾ കൺവെൻഷനിൽ നൽകുന്ന താണ്. സൺഡേ സ്കൂൾ സ്കോളർഷിപ്പ് സമ്മാനങ്ങൾ (ആദ്യത്തെ മൂന്ന് റാങ്കുകാർക്ക്) ലോഗോസ് ക്വിസ്സ് സമ്മാനങ്ങൾ (ആദ്യത്തെ മൂന്ന് റാങ്കുകാർക്ക്) ടീച്ചേഴ്സ് അവാർഡുകൾ, മതാദ്ധ്യാപകരുടെ ഉപന്യാസ രചനയ്ക്കുള്ള സമ്മാനങ്ങൾ എന്നിവയാണ് കൺവെൻഷ നിൽ നൽകപ്പെടുന്ന സമ്മാനങ്ങൾ. രജി. ഫീസ് Rs. 50



CJ. 38/15 **രൂപതാതല സ്കോളർഷിപ് റിസൽറ്റ്**

നമ്മുടെ രൂപതയിലെ സൺഡേ സ്കൂളുകളുടെ 2014-2015 സ്കോളർഷിപ്പ് റാങ്ക് ലിസ്റ്റ്.

**IV Class**

Ist മിന്നു ഇമ്മാനുവൽ ആശാരിക്കുടിയിൽ, വാഴത്തോപ്പ്
IInd റോസ് മരിയ ഇടയാൽ, വാഴത്തോപ്പ്
IIIrd ഗ്രേയ്സ് എലിസബത്ത് ജോയ് പ്ലാത്തറ, വാഴത്തോപ്പ്
IVth അഞ്ചു ജോണി നനയമരുതുങ്കൽ, നാരകക്കാനം

**V Class**

Ist മനു ഇമ്മാനുവൽ ആശാരിക്കുടിയിൽ, വാഴത്തോപ്പ്
IInd ആൻസ് ജിമ്മി കുത്തനാപ്പിള്ളിൽ, വാഴത്തോപ്പ്
IIIrd ജിന്റ തെരേസ തോമസ് പഴൂർ, വാഴത്തോപ്പ്
IVth ഗോഡ്വിൻ നോബി കോട്ടയ്ക്കൽ, തോക്കുപാറ

**VI Class**

Ist അലീന ഷാജി പടിയാനിക്കൽ, മുരിക്കാശ്ശേരി
IInd ജിസ്മി ജോൺസൺ കളപ്പുരയ്ക്കൽ, വാഴത്തോപ്പ്
IIIrd അമന്റ ബെന്നി പാലക്കുന്നേൽ, വാഴത്തോപ്പ്
IVth ഹർലിൻ മാർട്ടിൻ വട്ടക്കുഴി, അടിമാലി

**VII Class 2015 മെയ് 19-21 വരെ കാക്കനാട് നടക്കുന്ന SMCC 7th സ്റ്റാന്റേർഡ് പ്രതിഭാസംഗമത്തിന് തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന സ്കോളർഷിപ്പ് വിജയികൾ**

Ist അനുമരിയ സജി പുതുശേരിക്കുന്നേൽ, വാഴത്തോപ്പ്
IInd ഡിൽന സെബാസ്റ്റ്യൻ പറമ്പിൽ, മുരിക്കാശ്ശേരി
IIIrd അലൻ ഷിജോ നെല്ലിക്കുന്നേൽ, മച്ചിപ്ലാവ്
IVth ഡിവോൺ അഗസ്റ്റ്യൻ പൂവത്തിങ്കൽ, വാഴത്തോപ്പ്

**VIII Class**

Ist ആനി ജിമ്മി കുത്തനാപ്പിള്ളി, വാഴത്തോപ്പ്
IInd ജിസ്ന ജോർജ് നെല്ലുവേലിൽ, മുരിക്കാശ്ശേരി
IIIrd അനിറ്റ ഷാജു വാലിയിൽ, വാഴത്തോപ്പ്
IVth ഡെലിന ജോർജ് കലവനാൽ, മുരിക്കാശ്ശേരി

**IX Class**

Ist അമലു ബെന്നി പാത്തിക്കാട്ടിൽ, മുരിക്കാശ്ശേരി
IInd സാന്ദ്ര ഡേവിസ് മുണ്ടക്കൽ, വാഴത്തോപ്പ്
IIIrd നോവ അന്ന തോമസ് ചാലപ്പാട്ട്, വാഴത്തോപ്പ്
IVth അപർണ്ണ എബ്രാഹം മലേപറമ്പിൽ, മുരിക്കാശ്ശേരി

**X Class**

Ist ശീതൾ ഷാജി പുത്തൻപുരയ്ക്കൽ, വാഴത്തോപ്പ്
IInd അമല റോസ് അഗസ്റ്റിൻ പരത്തിനാൽ, വാഴത്തോപ്പ്
IIIrd മെറിൻ തോമസ് പുളിക്കക്കുന്നേൽ, വാഴത്തോപ്പ്
IVth ചിഞ്ചു ജോർജ് പാറയ്ക്കൽ, പൊൻമുടി

CJ. 39/15 **സപ്ലിമെന്ററി പരീക്ഷ**

X, XII ക്ലാസുകളിലെ കുട്ടികളുടെ സപ്ലിമെന്ററി പരീക്ഷ ജൂൺ 6-ാം തീയതി ശനിയാഴ്ച 10.00 am ന് അതാതു ഫൊറോനകളിൽ വെച്ച് നടത്തപ്പെടുന്നു.



## CORPORATE EDUCATIONAL AGENCY, IDUKKI

Edn.21/15 **എസ്.എസ്.എൽ.സി. റിസൽട്ട്**

എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ കുട്ടികൾക്കും സ്കൂളുകൾക്കും അവർക്ക് പരിശീലനം നൽകിയ എല്ലാ അദ്ധ്യാപകർക്കും ആത്മാർത്ഥമായ അഭിനന്ദനങ്ങൾ. റിസൽട്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Sl.No. | Name of School | Appeared | Passed | Full A+ | Percentage |
|---|---|---|---|---|---|
| 1 | Kanthippara SSHS | 36 | 36 | - | 100 |
| 2 | Mariapuram SMHS | 62 | 62 | - | 100 |
| 3 | Ponmudy SMHS | 32 | 32 | 4 | 100 |
| 4 | Pottenkad SSHS | 113 | 113 | 2 | 100 |
| 5 | Punnayar STHS | 112 | 112 | 9 | 100 |
| 6 | Upputhode SJHS | 42 | 42 | 2 | 100 |
| 7 | Vazhavara SMHS | 52 | 52 | 3 | 100 |
| 8 | Vimalagiri VHS | 52 | 52 | - | 100 |
| 9 | Erattayar STHSS | 203 | 203 | 6 | 100 |
| 10 | Parathode SGHS | 210 | 210 | 7 | 100 |
| 11 | Thankamany STHSS | 185 | 185 | 3 | 100 |
| 12 | Murickassery SMHSS | 212 | 211 | - | 99.52 |
| 13 | Chemmannar SXHSS | 162 | 161 | 4 | 99.38 |
| 14 | Vellayamkudy SJHSS | 151 | 150 | 2 | 99 |
| 15 | Thokkupara SSHS | 97 | 96 | - | 99 |
| 16 | Vazhathope SGHSS | 206 | 204 | 8 | 99 |
| 17 | Mankulam SMHS | 104 | 101 | 2 | 97 |
| | **Total** | **2031** | **2022** | **52** | **99.56** |

**Un- Aided Schools**

| | | | | | |
|---|---|---|---|---|---|
| 1 | Nedumkandam SSHS | 229 | 229 | 2 | 100 |

**Other Management Schools**

| | | | | | |
|---|---|---|---|---|---|
| 1 | Koompanpara FMGHSS | 207 | 207 | 10 | 100 |
| 2 | Mankadavu CMHS | 112 | 112 | 1 | 100 |
| 3 | Vattavada KEHS | 20 | 20 | - | 100 |
| 4 | Calvarymount CHS | 62 | 62 | 8 | 100 |

## Edn.22/15 പ്രഥമാദ്ധ്യാപക സെമിനാർ

ഈ അദ്ധ്യയന വർഷം പ്രഥമാദ്ധ്യാപകരായി നിയമിക്കപ്പെട്ടവർക്കും പ്രഥമാദ്ധ്യപകരായി സേവനം തുടരുന്നവർക്കുമായി ഒരു ദ്വിദിന സെമിനാർ 2015 മെയ് 6, 7 തീയതികളിൽ വാഴത്തോപ്പ് സെന്റ് ജോർജ് യു.പി സ്കൂളിൽ വച്ചു നടത്തുന്നു. സ്കൂൾ ഭരണസംബന്ധമായ വിവിധ വിഷയങ്ങളിൽ വിദഗ്ദരായവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകുന്നു. എല്ലാ ദിവസവും രാവിലെ 10.00 ന് ആരംഭിച്ച് 4.00 മണിക്ക് അവസാനി ക്കുന്ന ഈ സെമിനാറിൽ എല്ലാ പ്രഥമാദ്ധ്യാപകരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

## Edn.23/15 മാർസ്ലീവാ കോളേജ് രാജമുടി, മുരിക്കാശ്ശേരി

രാജമുടി മാർസ്ലീവാ കോളേജിൽ B.S.C Electronics, B.Com Computer, B. Com Co-Operation, B.B.A , B.C.A, B.SC Geology B.SC Statistic, B.A Englidh, M. Com, M.S.C Computer, Science and Network Technology എന്നീ കോഴ്സുകളിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. ഈ വർഷം M.S.C Geology, B.A Economics എന്നീ കോഴ്സുകൾ കൂടി അപേക്ഷിച്ചിട്ടുണ്ട്. നമ്മുടെ ഇടവകകളിൽ ഈ വിവരം അറിയിച്ച് കുട്ടികളെ ഈ കോളേജിൽ ചേർന്നു പഠിക്കുവാൻ പ്രോത്സാഹിപ്പിക്കുമല്ലോ. 50% സീറ്റുകളിലേയ്ക്കുള്ള പ്രവേശനം യൂണിവേഴ്സിറ്റി മാനദണ്ഡം അനുസരിച്ച് ഏകജാലക സംവിധാനത്തിലൂടെയും 50% മാനേജ്മെന്റ് ക്വോട്ടയിലുമായിരിക്കും.



## Edn.24/15 സ്കൂൾ പ്രവേശനം 2015-2016

2015-2016 അദ്ധ്യായന വർഷം നമ്മുടെ സ്കൂളുകളിലെ കുട്ടികളുടെ പ്രവേശനത്തിനുവേണ്ട ഒരുക്കങ്ങൾ പ്രഥമാദ്ധ്യാപകരുടെ നേതൃത്വത്തിൽ നടത്തുമല്ലോ. നമ്മുടെ ഇടവകകളിലെ എല്ലാ കുട്ടികളെയും നമ്മുടെ സ്കൂളുകളിൽ തന്നെ ചേർത്തു പഠിപ്പിക്കുവാൻ പ്രോത്സാഹിപ്പിക്കുമല്ലോ. ഇംഗ്ലീഷ് മീഡിയത്തിൽ പഠിക്കുവാൻ ആഗ്രഹിക്കുന്ന കുട്ടികൾക്ക് പാരലൽ ഇംഗ്ലീഷ് മാഡിയം ക്ലാസ്സുകളിൽ ഫീസില്ലാതെ തന്നെ പഠിക്കുവാൻ സൗകര്യം ലഭിക്കുന്നതാണ്. സാധാരണ ജനതകളുടെ ആശ്രയമായ നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നല്ല നടത്തിപ്പിനും നിലനിൽപ്പിനും ആത്മാർത്ഥമായി സഹകരിച്ചു നേതൃത്വം നൽകികൊണ്ടിരിക്കുന്ന ബഹു. വികാരിയച്ചന്മാർക്ക് ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു. അതോടൊപ്പം നമ്മുടെ സ്കൂളുകളുടെ തുടർപ്രവർത്തനങ്ങളിൽ എല്ലാ സഹായസഹകരങ്ങളും അഭ്യർത്ഥിക്കുന്നു.

## Edn.25/15 ഉന്നതപഠന സ്കോളർഷിപ്പ്

നമ്മുടെ ഇടവകകളിൽ നിന്നും ഉന്നത പഠനത്തിനുമികവു പുലർത്തുന്ന സിവിൽ സർവ്വീസ് പരിശീലനത്തിനും മെഡിക്കൽ പഠനത്തിനും താത്പര്യമുള്ള കുട്ടികൾക്ക് സ്കോളർഷിപ്പുകൾ നൽകുന്നു. യോഗ്യതയും താല്പര്യവുമുള്ള കുട്ടികൾ ബഹു. വികാരിയച്ചന്മാരുടെ സാക്ഷിപത്രവുമായി രൂപതാ വിദ്യാഭ്യാസ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ബഹു. വികാരിയച്ചന്മാർ ഇക്കാര്യം പള്ളികളിൽ അറിയിച്ച് അർഹതയുള്ളവരെ പറഞ്ഞുവിടുമല്ലോ.

## സോഷ്യൽ സർവീസസ്

### SS 21/15 സൗജന്യ ശസ്ത്രക്രിയ

ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റി കോയമ്പത്തൂരുള്ള ഗംഗാ ഹോസ്പിറ്റലുമായി സഹകരിച്ച് മുറിച്ചുണ്ട്, മുറിയണ്ണാക്ക്, എന്നീ വൈകല്യമുള്ളവർക്കും തീപ്പൊള്ളൽ മൂലം വൈരൂപ്യം സംഭവിച്ചവരുമായ 11 പേർക്ക് 6 ലക്ഷം രൂപ ചെലവ് വരുന്ന ശസ്ത്രക്രിയ സൗജന്യമായി ചെയ്തു കൊടുത്തു.

### SS 22/15 മുട്ടക്കോഴി വിതരണം

ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഗുണമേന്മയുള്ള 1150 മുട്ടക്കോഴി കുഞ്ഞുങ്ങളെ ഇരട്ടയാർ, കാഞ്ചിയാർ, കരിമ്പൻ, ചുരുളി, നെടുകണ്ടം എന്നീ യൂണീറ്റുകളിലായി വിതരണം ചെയ്തു.

### SS 23/15 ഹരിതഗ്രാമം പദ്ധതി ഉദ്ഘാടനം

നബാർഡുമായി ചേർന്ന് നടത്തുന്ന ഹരിതഗ്രാമം പദ്ധതിയുടെ ഉദ്ഘാടനം മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്നയോഗത്തിൽ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. പി.ജെ ജോസഫ് ഉദ്ഘാടനം നിർവ്വഹിച്ചു. ശ്രീ. ജോയ്സ് ജോർജ് എം.പി, ശ്രീ. കെ.കെ ജയചന്ദ്രൻ എം.എൽ.എ, ശ്രീ. റോഷി അഗസ്റ്റിൻ എം.എൽ.എ, നബാർഡ് ജനറൽ മാനേജർ ശ്രീ. എൻ. രമേഷ്, ശ്രീമതി ദീപ എസ് പിള്ള (ഡി.ഡി.എം) ഇടുക്കി രൂപതാ വികാരി ജനറാൾ മോൺ. ജയിംസ് മംഗലശ്ശേരി,



ഫാ. കുര്യാക്കോസ് മറ്റം, തുടങ്ങിയവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ സ്വാഗതം ആശംസിച്ചു. മഞ്ഞപ്പാറ ക്രെഡിറ്റ് യൂണിയൻ ഭാരവാഹികൾ, ശ്രീ. സിബി മാളിയേക്കൽ, ശ്രീ. എബിൻ തോമസ് എന്നിവർ നേതൃത്വം നൽകി.

### SS 24/15 യാത്രയയപ്പ്

നബാർഡ് ഡിസ്ട്രിക്ട് ജനറൽ മാനേജർ തസ്തികയിൽ നിന്ന് അസിസ്റ്റന്റ് ജനറൽ മാനേജരായി ഇടുക്കിയിൽ നിന്ന് തൃശൂരിലേക്ക് സ്ഥലം മാറി പോകുന്ന ശ്രീമതി ദീപ എസ് പിള്ളയ്ക്ക് ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റിയുടെ ഓഫീസിൽ വച്ച് യാത്രയയപ്പ് നൽകി. എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ യാത്രയയപ്പ് സന്ദേശം നൽകിയ യോഗത്തിൽ ക്രെഡിറ്റ് യൂണിയൻ രൂപതാ പ്രസിഡന്റ് ശ്രീ. എം.റ്റി തോമസ്, യൂണിയൻ ബാങ്ക് ചെറുതോണി ബ്രാഞ്ച് മനേജർ ശ്രീ. പ്രഭു, വിവിധ ഫാർമേഴ്സ് ക്ലബിന്റെ പ്രതിനിധികൾ, എച്ച്.ഡി.എസ് സ്റ്റാഫ് അംഗങ്ങൾ, ഫാം ഫ്രണ്ട്സിന്റെ പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

### SS 25/15 തയ്യൽ പരിശീലന പരിപാടി

താഴ്ന്ന വരുമാനക്കാരായ കുടുംബങ്ങളിലെ സ്ത്രീകൾക്ക് സ്വയം തൊഴിലിനു സഹായകരമാകുന്ന വിധത്തിൽ നബാർഡുമായി സഹകരിച്ച് തങ്കമണിയിൽ തയ്യൽ അറിയാവുന്ന സ്ത്രീകൾക്കായി 13 ദിവസം നീണ്ട ചുരിദാർ, നൈറ്റ് ഡ്രസ്സ്, നൈറ്റി എന്നിവ നിർമ്മിക്കുന്നതിനുള്ള പരിശീലന പരിപാടി നടത്തി. തങ്കമണി ക്രെഡിറ്റ് യൂണിയൻ പരിശീലന പരിപാടികൾക്ക് നേതൃത്വം നൽകി.

SS 26/15

## LENTEN FUND 2014-2015

### (A) PARISH CHURCHES

| | | | |
|---|---|---|---|
| ADIMALI | 10000 | KILIYARKANDAM | 1000 |
| AYIRAMEKKAR | 1000 | KOOMPANPARA | 3000 |
| BETHEL | 2500 | KOZHIMALA | 1000 |
| BHOOMIYANKULAM | 3000 | KUNCHITHANNI | 1000 |
| BISONVALLEY | 1000 | KUTHUPARA | 2000 |
| CHEBALAM | 500 | LOWER KULAMAVU | 3010 |
| CHELLIAMPARA | 500 | MACHIPLAVU | 1500 |
| CHEMMANNAR | 1000 | MAILADUMPARA | 1000 |
| CHEMMANNAR | 500 | MANIYARANKUDY | 2000 |
| CHINARNIRAPPU | 100 | MANJAPPARA | 1000 |
| CHINARNIRAPPU | 2000 | MANJAPPETTY | 500 |
| CHURULI | 1500 | MANKULAM | 4000 |
| EATTITHOPPE | 5000 | MANKUVA | 1000 |
| ELLAKKAL | 5000 | MARIAPURAM | 1500 |
| ERATTAYAR | 5000 | MARYLAND | 500 |
| EZHUKUMVAYAL | 3000 | MAVADY | 1500 |
| IDUKKI | 500 | MAVADY | 500 |
| IRUMPUPALAM | 1500 | MUKKUDAM | 500 |
| JOSEGIRI | 2500 | MULAKARAMEDU | 8000 |
| JOSEGIRI | 2500 | MURICKASSERY | 12575 |
| JOSEPURAM | 2000 | MURICKUMTHOTTY | 2500 |
| KAILASAM | 2000 | NARAKAKKANAM | 1000 |
| KALLARKUTTY | 500 | NEDUMKANDAM | 6000 |
| KALLUPALAM | 500 | PAINAVU | 500 |
| KANAKAKKUNNU | 5000 | PACHADY | 1000 |
| KARIMPAN | 10000 | PANICKANKUDY | 1200 |
| KATTAKKALA | 1000 | PANNIARKUTTY | 1000 |
| KEERITHODE | 1000 | PARATHODE | 2000 |



| | | | |
|---|---|---|---|
| PAZHAYARIKANDOM | 5000 | **SH CONGREGATION** | 15000 |
| PERINCHAMKUTTY | 2000 | **SABS CONGREGATION** | 10000 |
| PEZHUMKANDAM | 1000 | **S D CONGREGATION** | |
| PONMUDY | 5200 | ADIMALI | 500 |
| POTTENKAD | 5000 | MURICKASSERY | 250 |
| RAJAKKADU | 1500 | PANDIPPARA | 500 |
| RAJAMUDY | 10000 | RAJAPURAM | 350 |
| RAJAPURAM | 1000 | THOKKUPARA | 500 |
| SAHAYAGIRI | 1000 | THOVARAYAR | 500 |
| SANTHIGRAM | 2000 | LABBAKADA | 500 |
| SLEEVAMALA | 300 | UDAYAGIRI | 300 |
| THANKAMANY | 2000 | VATTAVADA | |
| THANNIKKANDAM | 3000 | **C S N CONGREGATION** | |
| THOKKUPARA | 2000 | ADIMALI | 2000 |
| THOOKKUPALAM | 500 | BHOOMIYANKULAM | 200 |
| THOPRAMKUDY | 4500 | DEVIKULAM | 1000 |
| THOVARAYAR | 1000 | JOSEPURAM | 200 |
| UDAYAGIRI | 3000 | KARIMPAN | 1500 |
| VATHIKUDY | 2000 | NALUMUKKU | 250 |
| VATTAPPARA | 500 | **D M CONGREGATION** | |
| VAZHATHOPPE | 5000 | KILIYARKANDAM | 500 |
| VAZHAVARA | 10000 | PALLANAD | 3000 |
| VELLATHOOVAL | 9579 | **D S T CONGREGATION** | |
| VELLAYAMKUDY | 3000 | KARIMPAN | 500 |
| VENMANY | 1000 | NEELIVAYAL | 500 |
| VIMALAGIRI | 1000 | **HOLY CROSS SISTERS** | |
| **TOTAL (A)** | **214964** | NEDUMKANDAM | 3000 |
| **(B) CONGREGATIONS** | | **TOTAL (B)** | **69550** |
| **CMC CONGREGATION** | 15000 | **G. TOTAL ( A+B)** | **284514** |
| **FCC CONGREGATION** | 13500 | | |

## തിരുബാലസഖ്യം

**HC 5/15 ഹോളി മീറ്റ് 2015**

നമ്മുടെ രൂപതയിൽ ഈ വർഷം ആദ്യകുർബാന സ്വീകരിക്കുന്ന കുട്ടികൾക്കായി 2015 മെയ് 7-ാം തീയതി വ്യാഴാഴ്ച വാഴത്തോപ്പ് സെന്റ് ജോർജ് കത്തീഡ്രലിൽ ഹോളീമീറ്റ് നടത്തുന്നു. കുട്ടികളെ ആദ്യകുർബാന ഡ്രസിൽ പറഞ്ഞയയ്ക്കാൻ ശ്രദ്ധിക്കുമല്ലോ. രജി ഫീസ്. Rs.40

പ്രോഗ്രാം

9.00 am - രജിസ്ട്രേഷൻ
10.00 am - വി. കുർബാന
11.30 am - മീറ്റിംഗ്
12.30 pm - ഉച്ചഭക്ഷണം

**HC 6/15 വാർഷിക റിപ്പോർട്ട്**

തിരുബാല സഖ്യത്തിന്റെ 2014-2015 വർഷത്തെ പ്രവർത്തന റിപ്പോർട്ട് മെയ് 10-ാം തീയതിക്കു മുമ്പായി രൂപതാ കേന്ദ്രത്തിൽ എത്തിക്കുമല്ലോ. റിപ്പോർട്ടിനു പ്രത്യേക ഫോം ഉണ്ടായിരിക്കുകയില്ല.

**HC 7/15 ആൽബം കോമ്പറ്റീഷൻ റിസൽറ്റ്**

വി. ചാവറയച്ചന്റെയും, വി. എവുപ്രാസ്യാമ്മയുടെയും ജീവിത ചരിത്രമടങ്ങിയ ആൽബം കോമ്പറ്റീഷന്റെ റിസൽറ്റ്.

ഒന്നാം സ്ഥാനം- കാൽവരി മൗണ്ട്
രണ്ടാം സ്ഥാനം- വാഴത്തോപ്പ് & ഇടുക്കി
മൂന്നാം സ്ഥാനം- മഞ്ഞപ്പെട്ടി & വഞ്ചിക്കവല



## ചെറുപുഷ്പ മിഷൻ ലീഗ്

**CML 16/15 2015 മെയ്**

**അനുസ്മരിക്കുന്ന വിശുദ്ധൻ : വി. ഡോമിക് സാവിയോ**
**പ്രാർത്ഥനാ നിയോഗം : തൊഴിലില്ലാതെ കഷ്ടപ്പെടുന്നവർക്കുവേണ്ടിയും നവസന്യാസിനിമാർക്കുവേണ്ടിയും**
**സുകൃതജപം : വി. യൗസേപ്പേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.**

**CML17/15 മെയ് മാസത്തിലെ കർമ്മ പരിപാടികൾ**

1 വെള്ളി : തൊഴിലാളി ദിനം
തൊഴിലിന്റെ മഹത്വവും പ്രാധാന്യവും ഉയർത്തിക്കാണിക്കുന്ന ക്ലാസ്സുകൾ ഡിബേറ്റ് എന്നിവ സംഘടിപ്പിക്കുന്നതിന് ശ്രദ്ധിക്കുക. തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പുപിതാവിന്റെ മാദ്ധ്യസ്ഥം യാചിക്കുക. വിവിധമേഖലകളിൽ അദ്ധ്വാനിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം.

31 ഞായർ : പ്രവർത്തന വർഷം അവസാനം
ശാഖാ, മേഖല, രൂപതാ, സംസ്ഥാന, ദേശീയ, അന്തർദേശീയ തലങ്ങളിൽ അനുഗ്രഹം ചൊരിഞ്ഞുകൊണ്ട് നമ്മെ നയിച്ച ദൈവപിതാവിന് നന്ദി അർപ്പിക്കാം.

**CML 18/15 നമുക്ക് പ്രാർത്ഥിക്കാം**

മതമർദ്ദനം അനുഭവിക്കുന്ന നമ്മുടെ സഹോദരങ്ങൾക്ക് വേണ്ടി നമുക്ക് പ്രാർത്ഥിക്കാം. ലോകമെമ്പാടും മിഷൻ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവർക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ട് നമുക്ക് മിഷൻ പ്രവർത്തനങ്ങളിൽ പങ്കാളികളാവാം.

## CML19/15 ശ്രദ്ധിക്കുക

രൂപതയിൽ ശാഖകൾ നൽകേണ്ട ഏതെങ്കിലും തുകകൾ ഇനിയും ബാക്കി നിൽക്കുന്നു എങ്കിൽ ദയവായി രൂപതയിൽ ഏൽപ്പിച്ചുകൊണ്ട് രൂപതാ സി.എം.എൽ ന്റെ പ്രവർത്തനങ്ങളോട് സഹകരിക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

## CML20/15 നന്ദി

സി.എം.എൽ 2012-2015 പ്രവർത്തന വർഷത്തെ ഭാരവാഹികളുടെ കാലാവധി അവസാനിക്കുന്ന വിവരം ഇതിനോടകം അറിഞ്ഞിരിക്കുമല്ലോ. ഈക്കാലയളവിൽ രൂപതാ നേതൃത്വത്തോട് സഹകരിക്കുകയും പ്രാർത്ഥിക്കുകയും സഹായിക്കുകയും ചെയ്ത എല്ലാവർക്കും ഹൃദ്യമായി നന്ദി അർപ്പിക്കട്ടെ. തുടർന്നും പ്രാർത്ഥനയാലും സഹായസഹകരണങ്ങളാലും നിങ്ങളുടെ പിൻതുണയുണ്ടാവണമെന്ന് അഭ്യർത്ഥിക്കുന്നു.

## CML21/15 സി.എം.എൽ ഇടുക്കി രൂപതയ്ക്ക് പുതിയ നേതൃത്വം (2015-2018)

2015 -2018 പ്രവർത്തന വർഷത്തേക്ക് സി.എം.എൽ ഇടുക്കി രൂപതയ്ക്ക് പരിചയസമ്പന്നതയുടെ പുതിയ നേതൃത്വം.

| | |
|---|---|
| ഡയറക്ടർ | - ഫാ. ടിനോ പാറക്കടവിൽ |
| വൈസ് ഡയറക്ടർ | - സി. ദീപാ റോസ് എസ്.ഡി. |
| പ്രസിഡന്റ് | - ഷിബു സെബാസ്റ്റ്യൻ മഠത്തിൽ, മുരിക്കാശ്ശേരി |
| വൈസ്. പ്രസി. | - ലില്ലിക്കുട്ടി സെബാസ്റ്റ്യൻ മുത്തിയാപാറയിൽ, തൊവരയാർ |
| സെക്രട്ടറി | - ജെമി ജെയിംസ് മൈലാടിയിൽ, മേരിലാന്റ് |
| ജോ. സെക്രട്ടറി | - സിജി സജി ചേന്നാട്ട്, കാന്തിപ്പാറ |
| അസ്സി. സെക്രട്ടറി | - മജീഷ് മാത്യു ആച്ചിക്കൽ, വെള്ളത്തൂവൽ |
| ഓർഗനൈസർ | - ബിനോയി കുര്യൻ കടുവനാൽ, രാജപുരം |
| സബ് ഓർഗനൈസർ | - സാബു കെ.ജി കുടുംബവിളയിൽ, തോക്കുപാറ |



### റീജിയണൽ ഓർഗനൈസർ

1. അടിമാലി -സിനോജ് ജോസ് ചെറുതാനിയിൽ, രാജാക്കാട്
2. പാറത്തോട് - ആനന്ദ് അബ്രാഹം മലേപ്പറമ്പിൽ, മുരിക്കാശ്ശേരി
3. വാഴത്തോപ്പ് - സാജു ഡോമിനിക്ക് വള്ളുവശ്ശേരിയിൽ, പാണ്ടിപ്പാറ
4. ഇരട്ടയാർ - മനേഷ് സ്കറിയ നെടുംപതാലിൽ, എഴുംകുംവയൽ

### എ.കെ.എം.സി മെമ്പർ

1. ബിനോയി ജോസഫ് ചെമ്മരപ്പള്ളിൽ, ഉദയഗിരി
2. സി. ജോംസി എസ്.എച്ച്, കാന്തിപ്പാറ
3. മനോജ് ജോസഫ് പതിയിൽ, ഉദയഗിരി

### എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൾ

1. ബെന്നി ജോസ് മൂക്കിലിക്കാട്ട്, ഉദയഗിരി
2. സാജു തോമസ് പാലയ്ക്കൽ, കാന്തിപ്പാറ
3. ജോമിനി ജോൺസൺ വടക്കേൽ, ആയിരമേക്കർ
4. അനിറ്റ തോമസ് കല്ലംമാക്കൽ, സ്നേഹഗിരി
5. കൊച്ചുത്രേസ്യാ സ്റ്റീഫൻ വട്ടക്കുന്നേൽ, കഞ്ഞിക്കുഴി
6. ബോൺസി മോൾ ബാബു പാറയിൽ, വെള്ളയാംകുടി
7. കിരൺ അഗസ്റ്റിൻ മാപ്പലകയിൽ, കരിമ്പൻ
8. ഹെൻറി ചാർളി പാലപ്ലാക്കൽ, ചുരുളി
9. അലക്സ് ഡാൽവി പള്ളിപ്പറമ്പിൽ, തോക്കുപാറ
10. റോക്കി റെജി പുന്നവേലിൽ, പച്ചടി

### ഓഡിറ്റർമാർ

1. ബിജോ മാത്യു ഇളംതുരുത്തിൽ, വാഴത്തോപ്പ്
2. ജോബിൻ ജോർജ് കരിന്തകരയ്ക്കൽ, കട്ടക്കാല

## CML22/15 സി.എം.എൽ രൂപതാ ജോ. ഡയറക്ടേഴ്സ് മീറ്റ്

ചെറുപുഷ്പ മിഷൻലീഗ് ഇടുക്കി രൂപതാ 2015-2016 പ്രവർത്തന വർഷത്തെ പ്രഥമ ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ് 2015 ജൂൺ തീയതി കരിമ്പൻ ബിഷപ്പ്സ് ഹൗസിൽ വച്ച് ചേരുന്നതാണ്. വിശദവിവരങ്ങൾ അറിയിക്കുന്നതാണ്.

## കെ.സി.വൈ.എം.

**KCYM 28/15 ലോകസമാധാനത്തിനുവേണ്ടി പരിഹാര പ്രദക്ഷിണം**

ലോകത്തിന്റെ നാനാഭാഗങ്ങളിൽ പീഡനമനുഭവിക്കുന്ന ക്രൈസ്തവ സഹോദരങ്ങളോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചും ലോകസമാധാനത്തിനും വേണ്ടി കെ.സി.വൈ.എം. ഇടുക്കി രൂപതയുടെ ആഭിമുഖ്യത്തിൽ കാൽവരിമൗണ്ട് കുരിശുമലയിലേക്കു പരിഹാര പ്രദക്ഷിണം നടത്തി. 300 ഓളം യുവജനങ്ങൾ പങ്കെടുത്തു.

**KCYM 29/15 യുവജനധ്യാനം**

കെ.സി.വൈ.എം. ഇടുക്കി രൂപതയുടെ ആഭിമുഖ്യത്തിൽ പടമുഖം സ്നേഹമന്ദിരത്തിൽ യുവജനങ്ങൾക്കുവേണ്ടി ധ്യാനം സംഘടിപ്പിച്ചു.

**KCYM 30/15 വിദ്യാഭ്യാസ സെമിനാറും പ്രദർശനവും**

കെ.സി.വൈ.എം. ഇടുക്കി രൂപതയുടെ ആഭ്യമുഖ്യത്തിൽ എസ്.എസ്.എൽ.സി, പ്ലസ്സ് ടൂ, ഡിഗ്രി കഴിഞ്ഞ കുട്ടികൾക്കുവേണ്ടി തൊടുപുഴ, കട്ടപ്പന, നെടുംകണ്ടം, അടിമാലി എന്നീ സ്ഥലങ്ങളിൽ വച്ച് സൗജന്യ വിദ്യാഭ്യസ സെമിനാറും പ്രദർശനവും സംഘടിപ്പിച്ചു.

**KCYM 31/15 ദിവ്യകാരുണ്യ ആരാധനയും രൂപതാകമ്മറ്റിയും**

കെ.സി.വൈ.എം ഇടുക്കി രൂപതാ സമിതി ഭാരവാഹികൾ കിളിയാർകണ്ടം ഹോളിഫാമിലി ദൈവാലയത്തിൽ ഒരുമിച്ചുകൂടി രൂപതാ കമ്മറ്റി നടത്തുകയും ദിവ്യകാരുണ്യ ആരാധനയിൽ പങ്കുചേരുകയും ചെയ്തു.



**KCYM 32/15 ഇടുക്കി രൂപതാ യൂത്ത് എഡ്യുക്കേഷൻ പ്രോഗ്രാം**

ഏറ്റവും കുറഞ്ഞ ഫീസ് നിരക്കിലും ഉന്നത നിലവാരത്തിലും നേഴ്സിംഗ്, പാരാമെഡിക്കൽ കോഴ്സുകൾ, എൻജിനിയറിംഗ് എന്നിവ പഠിക്കാൻ +2 പാസ്സായ കുട്ടികൾക്ക് സുവർണ്ണാവസരം.

**ജാതിമതഭേതമന്യേ ഏവർക്കും അവസരം**

ബഹുമാനപ്പെട്ട വൈദികരും, സിസ്റ്റേഴ്സും, മറ്റ് മാനേജുമെന്റുകളും നേതൃത്വം നൽകുന്ന വിവിധ കോളേജുകളിൽ ഏറ്റവും മിതമായ ഫീസ് നിരക്കിലും ഉന്നത നിലവാരത്തിലും നേഴ്സിംഗ്, പാരാമെഡിക്കൽ കോഴ്സുകൾ, എൻജിനിയറിംഗ് എന്നിവ പഠിക്കാൻ +2 പാസ്സായ കുട്ടികൾക്ക് ഇടുക്കി രൂപതാ കെ.സി.വൈ.എം ന്റെ യൂത്ത് എഡ്യുക്കേഷൻ പ്രോഗ്രാം അവസരമൊരുക്കുന്നു. തിരുവന്തപുരത്തും കർണ്ണാടകയിലെ വിവിധ ഭാഗങ്ങളിലും പഠന സൗകര്യം ക്രമീകരിക്കുന്നു.

ഇത്രയും കുറഞ്ഞ ഫീസ് നിരക്കിൽ നിങ്ങൾക്ക് മറ്റൊരിടത്തും പഠിക്കാൻ ആവില്ല.

2.5 ലക്ഷം രൂപ മുതൽ 4.10 ലക്ഷം വരെ എല്ലാ ചെലവുകളും ഉൾപ്പെടെ ബി.എസ്.സി നേഴ്സിംഗ് പഠിക്കാൻ വിവിധ കോളേജുകളിൽ സാഹചര്യം.

*തിരുവനന്തപുരത്തുള്ള എൻജിനീയറിംഗ് കോളേജിൽ മാർക്കടിസ്ഥാനത്തിൽ വിവിധ സ്കോളർഷിപ്പുകളോടും ഫീസ് ആനുകൂല്യങ്ങളോടും കൂടി എൻജിനീയറിംഗ് പഠിക്കാൻ സൗകര്യം.
*മിതമായ ഫീസ് നിരക്കിൽ പാരാമെഡിക്കൽ കോഴ്സുകൾ പഠിക്കാൻ സൗകര്യം
*ലോൺ തുകയിൽ മാത്രം പഠനം പൂർത്തിയാക്കാൻ സാധിക്കുന്നത് കുട്ടികൾക്കൊരനുഗ്രഹം മാതാപിതാക്കന്മാർക്ക് ഒരാശ്വാസം
* പത്താം ക്ലാസ്സിൽ 85% മാർക്കിന് മുകളിൽ ലഭിക്കുന്ന കുട്ടികൾക്ക് +2 സൗജന്യമായി പഠിക്കാൻ മംഗലാപുരത്ത് സൗകര്യം (ഇന്റർനാഷണൽ സ്കൂൾ, സി.ബി.എസ്.ഇ സിലബസ്)
വിശദവിവരങ്ങൾക്ക്
ഫാ. ജോസ് പൗവ്വത്ത് 9446334011, സിജോ ഇലന്തൂർ 9496208504

## കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

MVS 4 /15 **മദ്യത്തിനും സാമൂഹ്യ തിന്മകൾക്കുമെതിരെ ഉണരുന്ന ഇടവകകൾ**

മദ്യവിരുദ്ധ സമിതി ഇടുക്കി രൂപതാ കമ്മറ്റി 28 -03 -2015 ശനിയാഴ്ച 2.30 pm-ന് നെടുംകണ്ടം സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ വച്ച് കൂടുകയുണ്ടായി. രൂപതാ ഡയറക്ടർ ഫാ. ജോസഫ് പാപ്പാടിയുടെ അദ്ധ്യക്ഷതയിൽകൂടിയ യോഗത്തിൽ ജനറൽ സെക്രട്ടറി ശ്രീ. റോജസ് എം. ജോർജ് സ്വാഗതം ആശംസിച്ചു. മധ്യ ഏഷ്യയിലും, ആഫ്രിക്കൻ രാജ്യങ്ങളിലും ക്രൈസ്തവർക്കുനേരെ വർദ്ധിച്ചുവരുന്ന അതിക്രൂരമായ മതപീഢനങ്ങളിൽ യോഗം ഉത്കണ്ഠ രേഖപ്പെടുത്തുകയും അക്രമങ്ങളെ അവലപിക്കുകയും കൊല ചെയ്യപ്പെട്ടവരോടും, കൊള്ളയടിക്കപ്പെട്ടവരോടുമുള്ള അനുശോചനവും മാനസിക ഐക്യവും, പ്രാർത്ഥനാ പിന്തുണയും നേരുകയും ചെയ്തു. രൂപതാ പ്രസിഡന്റ് ശ്രീ. സിൽബി ചുനയംമാക്കൽ, കേരളത്തിലെ മദ്യവിരുദ്ധ പ്രവർത്തനങ്ങളെ വിലയിരുത്തുകയും പടിപടിയായി സമ്പൂർണ്ണ മദ്യ നിരോധനത്തിലേക്ക് കേരളത്തെ എത്തിക്കുന്നതിന് പരിശ്രമിക്കുന്ന സർക്കാരിന്റെ പ്രായോഗിക നിലപാടുകളെ ശ്ലാഘിക്കുകയും, അതിനായി മോണിട്ടറിംഗ് സെൽ (പഞ്ചായത്ത്, വാർഡ് തലങ്ങളിൽ) എക്സൈസ് വകുപ്പിന്റെ സഹകരണത്തോടെ തുടങ്ങണമെന്നും നിർദ്ദേശിച്ചു. രൂപതാ ഡയറക്ടർ ഫാ. ജോസഫ് പാപ്പാടി സമൂഹത്തിൽ വർദ്ധിച്ചുവരുന്ന, പ്രത്യേകിച്ച്, കുടുംബങ്ങളെ നശിപ്പിക്കുന്ന മദ്യപാനശീലത്തിനെതിരെ സഭയും സമൂഹവും ഉണർന്നു പ്രവർത്തിക്കണമെന്ന് ആവശ്യപ്പെട്ടു. സിസ്റ്റർ എമിലി എം.എം.എസ് വ്യാപകമായികൊണ്ടിരിക്കുന്ന മദ്യപാനവും, മറ്റ് ദുശ്ശീലങ്ങളും നമ്മുടെ കുട്ടികളുടെ പഠനത്തെയും, മാനസ്സിക,



ശാരീരിക വളർച്ചയെയും സാരമായി ബാധിക്കുന്നതായി ആഭിപ്രായപ്പെട്ടു.

MVS 5 /15 **ഉണരുന്ന ഇടവകകൾ**

മാർച്ച് 8 മദ്യവിരുദ്ധ ഞായർ പ്രമാണിച്ച് മിക്ക ഇടവകകളിലും മദ്യവിരുദ്ധ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന റാലികൾ സംഘടിപ്പിച്ചു. മദ്യവിരുദ്ധ ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തു; ഇരട്ടയാർ - നാങ്കുതൊട്ടിയിൽ സെന്റ് ജോർജ് പള്ളിവികാരി ഫാ. ജോബി ചക്കാങ്കലിന്റെ നേതൃത്വത്തിൽ കുട്ടികളെയും മുതിർന്നവരെയും അണിനിരത്തി റാലി സംഘടിപ്പിക്കുകയും കുട്ടികൾ മദ്യത്തിനെതിരെ ആവേശത്തോടെ മുദ്രാവാക്യം വിളിയ്ക്കുകയും റോഡരുകിൽ നിന്നും കട, വീട് പരിസരങ്ങളിൽ നിന്നും കാലിയായ മദ്യകുപ്പികൾ കണ്ടെത്തി ശേഖരിക്കുകയും, അത് പൊതുവായി നാങ്കുതൊട്ടി കവലയിൽ പ്രദർശിപ്പികയും, മേലിൽ ഇത്തരം കാര്യങ്ങൾ അവരുടെ ഗ്രാമത്തിൽ അനുവദിക്കില്ലായെന്ന് പ്രതിജ്ഞ ചെയ്യുകയും, പലചരക്കു കടയോടനുബന്ധിച്ച് മദ്യക്കച്ചവടം നടത്തിവരുന്ന വ്യക്തിയെ താക്കീത് ചെയ്യുകയും, മദ്യവ്യാപാരം നിറുത്തി വയ്പ്പിക്കുകയും ചെയ്തത് മറ്റ് ഇടവകകൾക്കും മാതൃകയാക്കാവുന്നതാണ്. സമ്പൂർണ്ണ ലഹരി വിമുക്തഗ്രാമം എന്ന സ്ഥിതിയിലേക്ക് വികാരിയച്ചന്റെ നേതൃത്വത്തിൽ നാങ്കുതൊട്ടി ഗ്രാമം മാറുന്നത് ആശ്വാസത്തോടെയാണ് ഏവരും കാണുന്നത്.

ഇടുക്കി രൂപതയിലെ സാധിക്കുന്ന എല്ലാ ഇടവകകളിലും ഇതുപോലെ പ്രവർത്തന സജ്ജമായ ജാഗ്രതാസമിതികൾ (മദ്യവിരുദ്ധ യൂണീറ്റുകൾ) മെയ്-ജൂൺ മാസങ്ങളിൽ രൂപീകരിക്കുന്നതിന്, ബഹുമാനപ്പെട്ട വൈദികരുടെ നേതൃത്വത്തിൽ ശ്രമങ്ങൾ നടന്നു വരുന്നു. ഈട്ടിത്തോപ്പ് വിജയമാതാ ചർച്ചിൽ സമിതി രൂപീകരണം നടന്നു. മറ്റ് ഇടവകകളിലും ഇത് രൂപീകൃതമാകുന്നതോടുകൂടി കാതലായ മാറ്റങ്ങൾ കുടുംബങ്ങളിലും, ഇടവകകളിലും സമൂഹത്തിലാകമാനവും ഉണ്ടാവുമെന്ന് മദ്യവിരുദ്ധസമിതി ഇടുക്കി രൂപതാ കമ്മറ്റി ഭാരവാഹികൾ പ്രത്യാശ വയ്ക്കുന്നു.

## ആത്മജ്യോതിയിലെ പരിപാടികൾ

മെയ് 2015
01-03 - വിവാഹ ഒരുക്ക സെമിനാർ
03-09 - എഫാത്താ ധ്യാനം
09 -10 - തിയോളജി കോഴ്സ്
11-14 - ഗായകസംഘാംഗങ്ങക്ക് ധ്യാനം
13-22 - ലഹരിവിമോചന ക്യാമ്പ് ധ്യാനം
18-21 - വിവാഹ ഒരുക്ക സെമിനാർ
24-28 - ക്രിസ്റ്റീൻ ധ്യാനം

## പ്രാർത്ഥനാ ഗ്രൂപ്പ്

### പെന്തക്കുസ്താ ദിനാചരണം

മെയ് 24-ാം തീയതി ഞായറാഴ്ച 4 pm മുതൽ 9 pm വരെ ഇടുക്കി സോണിന്റെ ആഭിമുഖ്യത്തിൽ പെന്തകുസ്താദിനം അതിവിപുലമായ രീതിയിൽ നടത്തുവാൻ തീരുമാനിച്ചു. മുരിക്കാശ്ശേരി പാവനാത്മ കോളേജിൽ വച്ച് 4 pm ന് വി. കുർബാന യോടെ കൂട്ടായ്മ ആരംഭിക്കുന്നതാണ്. രൂപതാ പ്രാർത്ഥനാഗ്രൂപ്പ് ഡയറക്ടർ ബഹു. ഫാ. ജോർജ് നിരവത്ത് കൂട്ടായ്മയ്ക്ക് നേതൃത്വം നൽകുന്നു.

### സോണൽ സർവ്വീസ് ടീം

2015-2017 കാലയളവിലെ 9 അംഗങ്ങളുടെ സോണൽ സർവ്വീസ് ടീം നിലവിൽ വന്നു. അവരുടെ പേരുകൾ താഴെ പറയുന്നു.

1. ഷാജി വൈക്കത്തുപറമ്പിൽ (സോണൽ കോ. ഓർഡിനേറ്റർ) വാഴത്തോപ്പ്
2. സണ്ണി വളവനാട്ട് (സോണൽ സെക്രട്ടറി), കഞ്ഞിക്കുഴി
3. റോയി ചാത്തനാട്ട് (സോണൽ ട്രഷർ), രാജകുമാരി
4. സജി കളരിക്കൽ, കൂമ്പൻപാറ
5. ചാക്കോച്ചൻ താളനാനി, മുരിക്കാശ്ശേരി
6. ജോസുകുട്ടി ചക്കുങ്കൽ, ബെഥേൽ



7. ആലീസ് മുണ്ടക്കൽ, രാജകുമാരി
8. സെലിൻ ജോണി കാനത്തിൽ, പാറത്തോട്
9. ആലീസ് ബിജു പട്ടാംകുളത്ത്, പഴയരിക്കണ്ടം

## Night Vigil

സഭയ്ക്കും സമൂഹത്തിനും വേണ്ടി പ്രാർത്ഥിക്കുന്നതിനായി സോണിന്റെ മൂന്ന് സ്ഥലങ്ങളിൽ വച്ച് Night Vigil നടത്താൻ തീരുമാനിക്കുകയും ഇതിൽ ഒന്ന് എല്ലാ ആദ്യ ശനിയാഴ്ചകളിലും പണിക്കൻകുടി പള്ളിയിൽ വച്ച് നടത്താൻ തീരുമാനിക്കുകയും ചെയ്തു.

### സബ്സോൺ പുനഃസംഘടന

2015-2017 കാലയളവിലേക്കുള്ള സബ്സോൺ സർവ്വീസ് ടീം അംഗങ്ങളെ തിരഞ്ഞെടുക്കാനുള്ള കൂട്ടായ്മകൾ താഴെപറയുന്ന സ്ഥലങ്ങളിൽ വച്ച് നടത്തുന്നതാണ്. മെയ് 2 ശനിയാഴ്ച 9.30 am മുതൽ 3 pm വരെ രാജകുമാരി പള്ളിയിൽ വച്ച് രാജാക്കാട് സബ്സോണിന്റേ തിരഞ്ഞെടുപ്പും, മെയ് 9 ശനിയാഴ്ച 10 am മുതൽ 2 pm വരെ കൂമ്പൻപാറ പള്ളിയിൽ വച്ച് അടിമാലി സബ്സോണിന്റേ തിരഞ്ഞെടുപ്പും നടത്തുന്നതാണ്.

## കുടുംബക്കൂട്ടായ്മ

### SCC 17/15 ഞായർ ആചരണം കുടുംബകൂട്ടായ്മകളെ പരിപോഷിപ്പിക്കുന്നു

ഞായറാഴ്ചകളിലെ പരിശുദ്ധ കുർബാന കൂട്ടായ്മകളെ പരിപോഷിപ്പിക്കുകയും രൂപപ്പെടുത്തുകയും ചെയ്യുന്നു. അപ്പം ഒന്നേയുള്ളു അതിനാൽ പലരായിരിക്കുന്ന നാം ഒരു ശരീരമാണ്. എന്തെന്നാൽ ഒരേ അപ്പത്തിൽ നാം ഭാഗഭാക്കുകളാണ് (1 കൊറി 10:17).

ഇക്കാരണത്താൽ ഞായറാഴ്ച എന്ന ദിവസം സഭയുടെ ദിവസമാണ്. ഞായറാഴ്ച ദിവസം വിശ്വാസത്തിന്റെ മാത്രം ദിവസമല്ല, അത് ക്രൈസ്തവ പ്രത്യാശയുടെ ദിവസം കൂടിയാണ്. പ്രതിജ്ഞാബദ്ധ തയോടെ അനുദിന ജീവിത സാഹചര്യത്തിൽ വ്യാപരിക്കുമ്പോൾ ഞായറാഴ്ച ആചരണം നാം സ്വീകരിക്കുന്നത് കൈമാറാൻ കഴിയണം. എമ്മാവൂസിലെ ശിഷ്യന്മാരെ പോലെ ഉത്ഥിതനായ ഈശോയെ അപ്പം മുറിക്കലിൽ (ലൂക്കാ 24:3-2) തിരിച്ചറിഞ്ഞപ്പോൾ കർത്താവിനെ കണ്ടതിലുള്ള സന്തോഷം സഹോദരുമായി പങ്കുവയ്ക്കുവാൻ പെട്ടെന്ന് തിരിച്ചുപോകണമെന്നു തോന്നിയ ആ ശിഷ്യരെ പോലെതന്നെ കുടുംബകൂട്ടായ്മകൾക്കും കഴിയണം. ഞായറാഴ്ച ആചരണത്തിലൂടെ ഒരു സ്നേഹ തരംഗം സമൂഹത്തിൽ അലയടിക്കണം.

SCC18/15

വിശ്വാസത്തിൽ ആഴമായ പ്രത്യുത്തരം കൊടുക്കേണ്ട കാലഘട്ടമാണ് നാം അഭിമുഖീകരിക്കുന്നത്. ഭീകരവാദികളുടെ ബലിയാടുകൾ ആകുന്ന ക്രൈസ്തവർ നമ്മൾ സ്വീകരിച്ച അത്ര വിശ്വാസം സ്വീകരിച്ചവരാണ്. ഈ ബോധ്യം കൂട്ടായ്മകളിൽ ആഴപ്പെടുത്തുകയും വിചിന്തനവിഷയമാക്കുകയും ചെയ്യുക.

SCC 19/15

കുടുംബകൂട്ടായ്മകൾ ക്രമമായി ചേരുകയും കൂട്ടായ്മ പഠനങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള പ്രാർത്ഥനാ ക്രമങ്ങൾ കൂട്ടായ്മകളിൽ ഉപയോഗപ്പെടുത്തുകയും ചെയ്യുക.

SCC 20/15

രൂപതാ തലത്തിൽ ഒരുക്കപ്പെട്ടിരിക്കുന്ന കൂട്ടായ്മ പ്രാർത്ഥനാക്രമം എല്ലാ ഇടവകകളിലും പരിശീലിപ്പിക്കുകയും ഉപയോഗിക്കുകയും ചെയ്യുക.

SCC 21/15

കൂട്ടായ്മ ശുശ്രൂഷകരെ വർഷത്തിലൊരിക്കലെങ്കിലും പ്രത്യേക പ്രോത്സാഹന പരിപാടികൾ സംഘടിപ്പിച്ചു പ്രോത്സാഹി പ്പിക്കുക.



SCC 22/15

ബഹുമാനപ്പെട്ട വൈദികർ കുടുംബകൂട്ടായ്മയെ കുറിച്ച് ഞായറാഴ്ച പ്രസംഗങ്ങളിൽ പ്രത്യേകം പറയുകയും ഉദ്ബോധന ങ്ങൾ നൽകുകയും ചെയ്യുക.

## കത്തോലിക്കാ കോൺഗ്രസ്

### 1. വിശ്വാസ പ്രഘോഷണ റാലിയും മഹാസമ്മേളനവും

വിശ്വാസത്തിന്റെ പേരിൽ പീഢനം സഹിക്കുന്നവർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് കത്തോലിക്കാ കോൺഗ്രസ് ഇടുക്കി രൂപതയുടെ നേതൃത്വത്തിൽ നടത്തിയ വിശ്വാസ പ്രഘോഷണ റാലിയും സമ്മേളനവും ചരിത്ര സംഭവമായി. 2015 ഏപ്രിൽ 17 വെള്ളിയാഴ്ച 2.30 ന് കട്ടപ്പനയിൽ പഞ്ചായത്ത് മൈതാനിയിൽ നിന്ന് ആരംഭിച്ച റാലി വെള്ളയാംകുടി സെന്റ് ജോർജ് ഓഡിറ്റോറിയത്തിൽ എത്തിച്ചേരാൻ മണിക്കൂറുകൾ എടുത്തു.

രൂപതയിലെ എല്ലാ ഭക്തസംഘടനകളുടെയും സഹകരണ ത്തോടെ നടത്തിയ റാലി കട്ടപ്പനയിൽ താമരശ്ശേരി ബിഷപ്പും, കത്തോലിക്കാ കോൺഗ്രസ് ലെഗേറ്റുമായ മാർ റെമിജിയൂസ് ഇഞ്ചനാനിയിൽ ഫ്ളാഗ് ഓഫ് ചെയ്തു. ഇടുക്കി രൂപതാദ്ധ്യക്ഷൻ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ ഉദ്ഘാടന സമ്മേളനത്തിന്റെ അദ്ധ്യക്ഷനായിരുന്നു.

ഇടുക്കി രൂപതയുടെ നൂറ്റിപത്തോളം ഇടവകയിൽ നിന്ന് ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെയും യൂണിറ്റ് ഭാരവാഹികളു ടെയും നേതൃത്വത്തിൽ ചിട്ടയോടെ ഫൊറോനതലത്തിൽ അണിനിരന്ന റാലി കട്ടപ്പനയെ ജനസാഗരമാക്കി. അഭിവന്ദ്യ പിതാക്കന്മാരായ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ, മാർ റെമിജിയൂസ് ഇഞ്ചനാനിയിൽ, ഫിലിപ്പോസ് മാർ സ്തെഫാനോസ് എന്നിവർ റാലിയുടെ മുൻനിരയിൽ ആദ്യവസാനം പങ്കെടുത്തു. കത്തോലിക്കാ കോൺഗ്രസ് സംസ്ഥാന ഭാരവാഹികളായ ശ്രീ. വി. വി അഗസ്റ്റിൻ, അഡ്വ. ബിജു പറയനിലം, ശ്രീ. ജോസുകുട്ടി മാടപ്പള്ളിൽ എന്നിവർ റാലിയിൽ സന്നിഹിതരായിരുന്നു. രൂപതാ പ്രസിഡന്റ് ശ്രീ. ജോർജ്

കോയിക്കൽ ഫ്ളാഗ് ഏറ്റുവാങ്ങി. രൂപതാ വികാരി ജനറാൾ മോൺ ജെയിംസ് മംഗലശ്ശേരി, രൂപതാ ഡയറക്ടർ റവ. ഫാ. ജോർജ് പാട്ടത്തേക്കുഴി, സെക്രട്ടറി കെ. സി. ചാക്കോ വരമ്പകത്ത്, ട്രഷർ സണ്ണി കരിവേലിക്കൽ, കോ-ഓർഡിനേറ്റർ റവ. ഫാ. ജോസ് പ്ലാച്ചിക്കൽ, ഫാ. ജോസ് കൈപ്പൻപ്ലാക്കൽ, ഫാ. മാത്യു കുഴികണ്ടം, ശ്രീ. മാത്യു മലേപ്പറമ്പിൽ, ശ്രീ. ജോയി കോയിക്കകുടി, ശ്രീ. എബ്രാഹം തേവർപ്പറമ്പിൽ, ശ്രീ. ജോർജ് താളുപ്ലാക്കൽ, ശ്രീ. സെബാസ്റ്റ്യൻ കൂനമ്പാറ, ശ്രീ. ചുമ്മാർ മാത്യു, ശ്രീ. ജോസഫ് കുര്യൻ ഏറമ്പടം, ശ്രീ. ജോസ് വരകുകാലാപ്പറമ്പിൽ, ശ്രീമതി മേരി അഗസ്റ്റ്യൻ, ശ്രീ. സിജോ ഇലന്തൂർ, ശ്രീ. ബിനോയി മഠത്തിൽ, ശ്രീ. ബിനോയി ചെമ്മരപ്പിള്ളിൽ, ശ്രീ ജോർജ് അമ്പഴം, എന്നിവർ നേതൃത്വം കൊടുത്തു.

രൂപതാ പ്രസിഡന്റ് ശ്രീ. ജോർജ് കോയിക്കലിന്റെ അദ്ധ്യക്ഷതയിൽ വെള്ളയാംകുടി സെന്റ് ജോർജ് ഓഡിറ്റോറിയത്തിൽ 4.30 ന് ആരംഭിച്ച മഹാ സമ്മേളനം കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്തു. മാർ മാത്യു ആനിക്കുഴിക്കാട്ടിൽ, മാർ റെമിജിയൂസ് ഇഞ്ചനാനിയിൽ, ഫിലിപ്പോസ് മാർ സ്റ്റെഫാനോസ് വലിയതോവാള പള്ളി വികാരി റവ. ഫാ. ജോസഫ് പുറ്റനാനി, വിവിധ സംഘടന ഭാരവാഹികൾ എന്നിവർ ആശംസകൾ അർപ്പിച്ചു. യോഗത്തിൽ രൂപതാ ഡയറക്ടർ റവ. ഫാ. ജോർജ് പാട്ടത്തേക്കുഴി സ്വാഗതവും സെക്രട്ടറി കെ. സി ചാക്കോ വരമ്പകത്ത് നന്ദിയും അർപ്പിച്ചു.

## 2. വിവേചനത്തിനെതിരെയുള്ള സഹനപോരാട്ടമാണ് പ്രതികരണം - കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി

കത്തോലിക്കാ കോൺഗ്രസ് ഇടുക്കി രൂപതാ മഹാസമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ടു പ്രസംഗിച്ച കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ പ്രസംഗത്തിൽ അടിവരയിട്ടു പറഞ്ഞത് വിവേചനത്തിനും പീഢനത്തിനും എതിരെയുള്ള സഹനപോരാട്ടമാണ് ഇതെന്നാണ്. ഇത് ആരോടുമുള്ള പ്രതികാരമല്ല ത്യാഗസമരങ്ങളിലൂടെയുള്ള സാക്ഷ്യപ്പെടുത്തലുകളാണ്. എത്ര ജീവൻ ഹോമിക്കപ്പെട്ടാലും ക്രൈസ്തവ വിശ്വാസം തകർക്കാൻ ഒരു



വ്യക്തിക്കും കഴിയില്ല. ലോകാവസാനം വരെ ക്രൈസ്തവ വിശ്വാസം നിലനിൽക്കും. മതമൗലികവാദികളെ നിലയ്ക്കു നിർത്താൻ സർക്കാരിന് ഉത്തരവാദിത്വമുണ്ടെന്നും പിതാവ് ഓർമ്മിപ്പിച്ചു.

## 3. മാധ്യമശ്രദ്ധ പിടിച്ചുപറ്റിയ വിശ്വാസ പ്രഘോഷണ റാലി

കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ രൂപതയിലെ വിവിധ സംഘടനകളുടെയും, വൈദികരുടെയും, സന്യസ്തരുടെയും സഹകരണത്തിൽ നടത്തിയ വിശ്വാസ പ്രഘോഷണ റാലി ഏറെ ശ്രദ്ധേയമായി. റാലിയുടെ മുൻനിരയിൽ ബാനറിനു പിന്നാലെ റാലി ക്യാപ്റ്റൻ ശ്രീ. ജോർജ് കോയിക്കൽ, താമരശ്ശേരി രൂപതാ മെത്രാനും കത്തോലിക്കാ കോൺഗ്രസിസും ലെഗേറ്റുമായ മാർ റെമിജിയൂസ് ഇഞ്ചനാനിയിൽ, ഇടുക്കി രൂപതാ മെത്രാൻ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ, തിരുവല്ല അതിരൂപതാ സഹായ മെത്രാൻ ഫിലിപ്പോസ് മാർ സ്റ്റെഫാനോസ് എന്നിവരും, പതാകാവാഹകരായി കത്തോലിക്കാ കോൺഗ്രസ് സംസ്ഥാന രൂപതാ ഭാരവാഹികളും, രൂപതയിലെ സന്യാസസഭ പ്രൊവിൻഷ്യൽ സുപ്പീരിയർമാരും, എല്ലാ സംഘടനാ ഭാരവാഹികളും അണിനിരന്നു. അതിനു പിന്നിലായി രൂപതയിലെ നൂറുകണക്കിനു വൈദികരും, വിവിധ സന്യാസസഭകളിലെ ആയിരത്തോളം സന്യാസിനികളും, കട്ടപ്പന സെന്റ് ജോൺസ് ഹോസ്പിറ്റലിലെ നഴ്സിംഗ് വിദ്യാർത്ഥികളും അണിനിരന്നു. പിന്നീട് രൂപതയിലെ ഓരോ ഫൊറോനയുടെയും കീഴിൽ അതാത് ഫൊറോനകളിലെ ഇടവകകളും അണിനിരന്നു. കോ-ഓർഡിനേറ്റർ ഫാ. ജോസ് പ്ലാച്ചിക്കലിന്റെ നേതൃത്വത്തിലുള്ള വോളന്റിയേഴ്സിന്റെ ചിട്ടയായ പ്രവർത്തനമാണ് റാലിയെ ഇത്ര മനോഹരമാക്കിയത്.

## 4. സപ്തതി മംഗളങ്ങൾ നേരുന്നു

സീറോ മലബാർ സഭയുടെ തലവൻ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന് സപ്തതി മംഗളങ്ങൾ കത്തോലിക്കാ കോൺഗ്രസ് ഇടുക്കി രൂപതാ പ്രസിഡന്റ് ശ്രീ. ജോർജ് കോയിക്കൽ നേർന്നു. രൂപതാ ഡയറക്ടർ ഫാ. ജോർജ് പാട്ടത്തേക്കുഴിയാണ് പിതാവിന്റെ സപ്തതി വിവരം യോഗത്തെ അറിയിച്ചത്.

5. **നന്ദിയുടെ വാക്കുകൾ**

കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ നടത്തിയ വിശ്വാസ പ്രഘോഷണ റാലിയും സമ്മേളനവും വൻവിജയമാക്കി തീർക്കാൻ സഹായിച്ച എല്ലാവരെയും പ്രത്യേകിച്ച് രൂപതാ കാര്യാലയത്തിലെ ബഹു. വൈദികരെയും, വിവിധ സംഘടനാ ഡയറക്ടർമാരെയും, എല്ലാ ഇടവക വികാരിയച്ചൻമാരെയും, കൊച്ചച്ചന്മാരെയും, രൂപതയിലെ വിവിധ സന്യാസ സമൂഹങ്ങളുടെ പ്രൊവിൻഷ്യൽ സുപ്പീരിയർമാരെയും സന്യാസിനികളെയും ഓരോ ഇടവകകളിലെയും വിവിധ സംഘടനാ യൂണീറ്റു ഭാരവാഹികളെയും ഇടവകാംഗങ്ങളെയും, കട്ടപ്പന സെന്റ് ജോൺസ് നഴ്സിംഗ് സ്കൂളിലെ വിദ്യാർത്ഥികളെയും നന്ദിയോടെ ഓർക്കുന്നു.

ഈ പ്രവർത്തനങ്ങൾക്ക് സാമ്പത്തികമായി സഹായിക്കുകയും സഹകരിക്കുകയും ചെയ്ത എല്ലാവർക്കും രൂപതാ കത്തോലിക്കാ കോൺഗ്രസ് കമ്മറ്റിയുടെ പ്രത്യേക നന്ദിയും സ്നേഹവും പ്രാർത്ഥനയും ഹൃദ്യമായി നേരുന്നു.

## കേരള ലേബർ മൂവ്മെന്റ്

**KLM 19/15 തൊഴിലാളി ഫോറങ്ങളുടെ മീറ്റിംഗ്**

കെ. എൽ. എം സംസ്ഥാന കമ്മറ്റിയുടെ നേതൃത്വത്തിൽ വിവിധ തൊഴിലാളി ഫോറങ്ങളുടെ രൂപതാതല ഭാരവാഹികളെ പങ്കെടുപ്പിച്ചുകൊണ്ട് മെയ് 8 ന് എറണാകുളം പി.ഒ.സി യിൽ ലീഡേഴ്സ് മീറ്റ് നടക്കും.



**KLM 20/15 സിസ്റ്റേഴ്സിനുള്ള ക്യാമ്പ്**

കേരള ലേബർ മൂവ്മെന്റിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കുവാൻ ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തുന്ന ക്യാമ്പ് മെയ് 13, 14, 15 തീയതികളിൽ എറണാകുളം പി.ഒ.സി യിൽ നടക്കും. ഇടുക്കി രൂപതയിൽ നിന്നും 5 പേർ ക്യാമ്പിൽ പങ്കെടുക്കണം.

**KLM 21/15 മത്സ്യതൊഴിലാളി ഫോറം**

മത്സ്യതൊഴിലാളി ഫോറത്തിന്റെ സംസ്ഥാന യോഗം മെയ് 10-ന് കൊല്ലം ബിഷപ്സ്ഹൗസിൽ നടക്കും. താല്പര്യമുള്ളവർ പങ്കെടുക്കണം.

**KLM 22/15 വൈദിക പരിശീലനം**

കെ.എൽ.എം സംഘടിപ്പിക്കുന്ന ബഹു. വൈദികർക്കുള്ള പരിശീലന ക്യാമ്പ് ആഗസ്റ്റ് 17, 18, 19 തീയതികളിൽ എറണാകുളം പി.ഒ.സി യിൽ നടക്കും. രൂപതയിൽ നിന്നും 10 പേർ പങ്കെടുക്കണം.

**KLM 23/15 കെ. എൽ. എം തൊഴിലാളി സംഗമം**

കേരള ലേബർമൂവ്മെന്റ് ഇടുക്കി രൂപതാ കമ്മറ്റിയുടെ നേതൃത്വത്തിൽ വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ട് തൊഴിലാളി സംഗമം നടത്തുന്നു. ഈ യോഗത്തിൽ തൊഴിൽ മേഖലകളിൽ കൂടുതൽ മികവ് പുലർത്തിയവരെ പ്രത്യേകമായി ആദരിക്കുന്നു. ആയതിലേക്ക് തിരഞ്ഞെടുക്കപ്പെടുവാൻ താല്പര്യമുള്ള തൊഴിലാളികൾ വിശദവിവരങ്ങൾക്ക് രൂപതാ ഓഫീസുമായി ബന്ധപ്പെടണം. 9495125585

**KLM 24/15 വിദ്യാർത്ഥികളെ ആദരിക്കുന്നു**

SSLC, +2 പരീക്ഷകളിൽ കൂടുതൽ മികവു പുലർത്തിയ കുട്ടികൾ മുഴുവൻ വിഷയങ്ങൾക്കും A+വാങ്ങിയ കുട്ടികൾ കെ.എൽ.എം ഇടുക്കി രൂപതാ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. 9495125585

KLM 25/15 **യൂണിറ്റുകൾ രൂപീകരിക്കുന്നു**

ഇടവകകൾ കേന്ദ്രീകരിച്ച് കെ. എൽ.എം യൂണിറ്റ് കമ്മറ്റികൾ ഇല്ലാത്ത മേഖലകളിൽ രൂപീകരിക്കുന്നു. അംഗത്വ ഫീസ് ഒരു വ്യക്തിക്ക് 10 രൂപയാണ്. താല്പര്യമുള്ള ഇടവകകൾ രൂപതാ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

## അറിയിപ്പുകൾ

### പുതിയ സാരഥികൾ

**MISSIONARY CONGREGATION OF THE DAUGHTERS OF ST. THOMAS**
**DST Generalate, Bharananganam**

| | |
|---|---|
| Sr. Liza Jose Poovatholil | : Superior General |
| Sr. Salomy Mookkenthottam | : First Councillor |
| Sr. Jyothi Maria Konoor | : Second Councillor |
| Sr. Anitha Thevarolickal | : Third Councillor |
| Sr. Joyce Olickal | : Fourth Councillor |

### സിസിലിയൻ ഫെസ്റ്റ് 2015

ദൈവാലയത്തിൽ ഗാനശുശ്രൂഷ ചെയ്യുന്നവർക്കും അൾത്താര ശുശ്രൂഷ ചെയ്യുന്നവർക്കുമായി "സിസിലിയൻ ഫെസ്റ്റ് 2015" ക്രമീകരിച്ചിരിക്കുന്നു. അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ മെയ് 11-ാം തീയതി രാവിലെ 9 മണിയ്ക്ക് ആരംഭിച്ച് 14-ാം തീയതി രാവിലെ അവസാനിക്കുന്നു. റവ. ഫാ. ഷാജി തുമ്പേച്ചിറയും, ശ്രീ. ബേബി കലയന്താനിയും ടീമുമാണ് ഈ പ്രോഗ്രാം നയിക്കുന്നത്. ഫീസ് 600 രൂപയാണ്.

വിശദവിവരങ്ങൾക്ക്,

സി. മേരി വടക്കേൽ എസ്. എച്ച്.
Mob: 9496449653, 9447510510



### ഒസ്സെർവാത്തോരെ റൊമാനൊ: മാർപാപ്പയുടെ പത്രം

മാർപാപ്പയുടെ ഔദ്യോഗിക പത്രമാണ് ഒസ്സെർവാത്തോരെ റൊമാനോ (റോമൻ നിരീക്ഷകൻ). സഭയുടെ ഔദ്യോഗികമായ എല്ലാ പഠനങ്ങളും, മാർപാപ്പയുടെ എല്ലാ പ്രസംഗങ്ങളും, മാർപാപ്പയുടെ യാത്രകളെക്കുറിച്ചുള്ള സമ്പൂർണ്ണ വിവരണങ്ങളും ഉൾപ്പെടുത്തി കൊണ്ടുള്ള പത്രം, സാർവ്വത്രികസഭയുടെ തുടിപ്പുകളോടുചേർന്ന് നിൽക്കാൻ വിശ്വാസികളെ സഹായിക്കുന്നു. ഒസ്സെർവാത്തോരെ റൊമാനോ വത്തിക്കാന്റെ പ്രത്യേക അനുവാദത്തോടെ തിരുവനന്തപുരത്തുള്ള OCD വൈദികരുടെ കാർമ്മൽ ഇന്റർനാഷണൽ പബ്ലിഷിംഗ് ഹൗസിൽ നിന്നും ഇംഗ്ലീഷിലും മലയാളത്തിലും പ്രസിദ്ധീകരിക്കുന്നുണ്ട്. ഇംഗ്ലീഷ് എഡിഷന് വാർഷിക വരിസംഖ്യ 1500 രൂപയും, മലയാളം എഡിഷന് വാർഷിക വരിസംഖ്യ 550 രൂപയുമാണ്. വരിസംഖ്യ എടുക്കുന്ന വർക്ക് ഓരോ ആഴ്ചയും തപാലിൽ പത്രം അയച്ചുതരുന്നതാണ്. എല്ലാ കുടുംബങ്ങളും മാർപാപ്പയുടെ പത്രത്തിന്റെ വരിക്കാരാകുവാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ പ്രോത്സാഹിപ്പിക്കുമല്ലോ. ഇടവകകളിൽ ഒസ്സെർവാത്തോരെ റൊമാനോയുടെ പ്രചരണാർത്ഥം കാർമ്മൽ പബ്ലിഷിംഗ് ഹൗസിൽ നിന്നുള്ള അംഗങ്ങൾ വരുന്നതാണ്. നേരിട്ടു ബന്ധപ്പെടുന്നതിന്.

വിലാസം: കാർമ്മൽ ഇന്റർനാഷണൽ പബ്ലിഷിംഗ് ഹൗസ്
കോട്ടൺഹിൽ P.O.
തിരുവനന്തപുരം-14
Ph: 0471-2327253, 9400314400 (Fr. Francis Aimanam OCD)



## രൂപതാദ്ധ്യക്ഷന്റെ ഡയറി

**ഏപ്രിൽ 2015**

02 വാഴത്തോപ്പ് കത്തിഡ്രലിൽ വലിയാഴ്ച്ചയുടെ തിരുകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

07 കട്ടപ്പന പോർസ്യുങ്കല ആശ്രമദൈവാലയത്തിൽ FSD സഭാഗങ്ങളായ 11 നവസന്യാസിനികൾക്ക് സഭാവസ്ത്രം നൽകുകയും അവരുടെ വ്രതവാഗ്ദാന ശുശ്രൂഷയിൽ പങ്കെടുക്കുകയും വി. കുർബാന അർപ്പിക്കുകയും ചെയ്തു.

09 പാണ്ടിപ്പാറ ഇടവകയിൽ പുതുതായി പണിതീർത്ത പാരീഷ് ഹാൾ വെഞ്ചരിച്ചു.

10 മഞ്ഞപ്പാറയിൽ നടത്തിയ ''ഹരിതഗ്രാമം'' പദ്ധതിയുടെ ഉദ്ഘാടന ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

11 POC യിൽ നടന്ന Women's Commission-ന്റെ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

12 കാഞ്ചിയാർ ഇടവകയിൽ പണിതീർത്ത പാരീഷ് ഹാൾ വെഞ്ചിരിക്കുകയും, വി. കുർബാന അർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

13 തൊടുപുഴ പള്ളിയിൽ പുതിയിടം ജോസഫ്-റോസ്മേരി ദമ്പതികളുടെ വിവാഹം ആശിർവദിച്ചു.

14 ആലുവ SABS Generalate-ൽ നടന്ന സിസ്റ്റേഴ്സിന്റെ നിത്യവ്രതവാഗ്ദാന ശുശ്രൂഷയിൽ പങ്കെടുക്കുകയും വി. കുർബാന അർപ്പിക്കുകയും ചെയ്തു.

15 വാഴപ്പിള്ളി East വി. മാക്സ്മില്ല്യൻ കോൾബേ പള്ളിയിൽ തല്ലുകുന്നേൽ വർക്കി-മറിയം ദമ്പതികളുടെ വിവാഹം ആശിർവദിച്ചു.



16 വാഴത്തോപ്പ് കത്തീഡ്രലിൽ SABS സഭാഗങ്ങളായ മൂന്ന് നവസന്യസിനികൾക്ക് സഭാവസ്ത്രം നൽകുകയും അവരുടെ വ്രതവാഗ്ദാന ശുശ്രൂഷയിൽ പങ്കെടുക്കുകയും വി. കുർബാന അർപ്പിക്കുകയും ചെയ്തു.

17 വെള്ളയാംകുടിയിൽ AKCC യുടെ ആഭിമുഖ്യത്തിൽ നടത്തിയ ഇടുക്കി രൂപതാതല വിശ്വാസപ്രഘോഷണറാലിയിൽ പങ്കെടുക്കുകയും, തുടർന്ന് നടത്തിയ മഹാസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു.

18 രൂപത Minor Seminary-യിൽ വൈദിക വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നതിനുള്ള Interview നടത്തി

19 ശാന്തിഗ്രാം ഇടവകയിൽ പുതിയതായി നിർമ്മിച്ച പാരീഷ് ഹാൾ വെഞ്ചരിച്ചു.

20 രാജകുമാരി SH Convent-ന്റെ പുതുതായി നിർമ്മിച്ച ഭവനം വെഞ്ചരിക്കുകയും Chapel കൂദാശ ചെയ്യുകയും ചെയ്തു.

21 അടിമാലി ആത്മജ്യോതിയിൽ വൈദികർക്കായി നടത്തിയ സ്റ്റഡി ഫോറത്തിൽ അദ്ധ്യക്ഷത വഹിച്ചു.

22 ഇരട്ടയാറ്റിൽ വൈദികർക്കായി നടത്തിയ സ്റ്റഡി ഫോറത്തിൽ അദ്ധ്യക്ഷത വഹിച്ചു.

25 രൂപതാ കേന്ദ്രത്തിൽ നടത്തിയ രൂപതാതല Directors ന്റെ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

25-26 മാങ്കുളം ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

27 വണ്ണപ്പുറത്ത് പുതുതായി നിർമ്മിച്ച ഇടവക ദൈവാലയത്തിന്റെ കൂദാശകർമ്മത്തിൽ സഹകാർമ്മികത്വം വഹിച്ചു.

28 വാഴത്തോപ്പ് കത്തിഡ്രലിൽ CMC സഭാഗങ്ങളായ 5 നവസന്യാസിനികൾക്ക് സഭാവസ്ത്രം നൽകുകയും അവരുടെ വ്രതവാഗ്ദാന ശുശ്രൂഷയിൽ പങ്കെടുക്കുകയും, വി. കുർബാന അർപ്പിക്കുകയും ചെയ്തു.

30 എഴുകുംവയൽ കുഴിക്കാനത്ത് പുതുതായി നിർമ്മിച്ച Station പള്ളിയുടെ കുദാശ നടത്തി.

# BISHOP'S ENGAGEMENTS

**May 2015**

| | Place | Programme | Time |
|---|---|---|---|
| 01 | Kailasappara | | |
| 02 | Vellayamkudy | | |
| * | Vazhathope | | |
| * | Deivammedu | | |
| 03 | Adimali | | |
| 04 | Pazhayarikandam | Ordination | |
| 05 | Karimpan | | |
| 07 | Vazhathope | | |
| 09 | Vazhathope | S.H Vestition | |
| 10 | Georgiar | Pastoral Visit | |
| 11 | Kadaplamattom | | |
| 12 | Minor Seminary | Major Seminarians' Gathering | |
| 13 | Ramanathapuram | | |
| 14 | Minor Seminary | Vestition | |
| 15 | | Family Apostolate | |
| 16 | Ernakulam-Renewal Centre | | |
| 17 | Kurisupara | Pastoral Visit | |
| 18 | Padamugham | | |
| 19 | Bhoomiamkulam | | |
| 20 | Arakkulam | | |
| * | Mukkudam | | |
| 21 | Muthalakkodam | | |
| 22 | Kunnoth | | |
| 23 | Erattayar | | |
| * | Kurisupara | | |
| 24 | Nedumkandam | | |
| 25 | Eananalloor | | |
| 30 | Adimali | Vincent De Paul Society Meeting | |
| 31 | Anachal | | |